മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... ചോദ്യം നമ്പർ *661 ..

## ഇക്കോ-ടൂറിസം പദ്ധതി

(*661) ശ്രീ. ജി. എസ്. ജയലാൽ:

ശ്രീ. ചിറ്റയം ഗോപകുമാർ:

ശ്രീ. ഇ. കെ. വിജയൻ:

ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയിലെ ടൂറിസം സാദ്ധ്യതയുള്ള മേഖലകളിൽ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള ഇക്കോ ടൂറിസം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ;

(ബി) സംസ്ഥാനത്തെ ഇത്തരം കേന്ദ്രങ്ങൾ സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു ടൂറിസം സർക്യൂട്ട് സ്ഥാപിക്കുമോ;

(സി) ഈ പദ്ധതിയിൽ സന്ദർശകർക്ക് താമസം ഉൾപ്പെടെയുള്ള സൗകര്യം ലഭ്യമാക്കുമോ എന്ന് വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ,

(എ) വനമേഖലയിലെ ടൂറിസം സാദ്ധ്യതയുള്ള മേഖലകളിൽ

പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള ഇക്കോ ടൂറിസം പദ്ധതി ഇപ്പോൾ 60 സ്ഥലങ്ങളിൽ നടപ്പാക്കുന്നുണ്ട്. വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ ഈ പദ്ധതി ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി) ചില ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ സന്ദർശകർക്ക് താമസം ഉൾപ്പെടെയുള്ള സൗകര്യങ്ങളും ലഭ്യമാണ്. ഇക്കോ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിക്കുന്നവർക്ക് വനാതിർത്തിയിൽ സൗകര്യപ്രദമായ താമസ സൗകര്യം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, "ദൈവത്തിന്റെ സ്വന്തം നാട്", കേരളത്തിന്റെ പ്രകൃതിഭംഗി ലോകോത്തര പ്രശസ്തിയാർജ്ജിച്ചതാണ്. കടൽത്തീരം മാത്രമല്ല, ഉൾനാടൻ മനോഹാരിതയും ശാന്തസുന്ദരമായ പ്രകൃതിഭംഗിയും ലോകത്തെ അതിശയിപ്പിക്കുന്ന വനദൃശ്യങ്ങളുമെല്ലാം നമ്മുടെ സമ്പത്താണ്. അപ്പോഴാണ് ഇക്കോ ടൂറിസത്തിന്റെ പ്രാധാന്യം നമ്മൾ മനസ്സിലാക്കുന്നത്. എന്നാൽ ഇപ്പോൾ വകുപ്പുകളുടെ ഏകോപനമില്ലായ്മ പലപ്പോഴും ഇക്കോ ടൂറിസം പദ്ധതി വിപുലീകരിക്കുന്നതിന് തടസ്സമാകുന്നുണ്ട്. ഇക്കോ ടൂറിസം മേഖലയിൽ പോസ്റ്റ് ചെയ്യുന്ന വനം വകുപ്പ് ഉദ്യോഗസ്ഥൻമാർ

ചില സമയങ്ങളിൽ വനം കയ്യേറ്റക്കാരോട് പെരുമാറുന്നതുപോലെയാണ് ടൂറിസ്റ്റുകളോട് പെരുമാറുന്നതെന്ന പരാതികൾ ഉയർന്നിട്ടുണ്ട്. ഉദ്യോഗസ്ഥൻമാർക്ക് ടൂറിസ്റ്റുകളോട് ഫ്രണ്ട്ലി അപ്രോച്ചുണ്ടാകുന്നതിനും അവിടെ നടക്കുന്ന  നിർമ്മാണ പ്രവർത്തനങ്ങളിൽ കോൺക്രീറ്റ് ഒഴിവാക്കി മുള, ഈറ, മണ്ണ് തുടങ്ങിയ വസ്തുക്കൾ ഉപയോഗിച്ചുള്ള സൗഹൃദപരമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും നടപടി സ്വീകരിക്കണം. അതുപോലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് അവിടെ പ്ലാസ്റ്റിക് നിരോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. പ്ലാസ്റ്റിക് കഴിച്ച് മാനും മറ്റും  മരണപ്പെടുന്ന വാർത്തകൾ വരുന്നുണ്ട്. വകുപ്പുകളെ ഏകോപിപ്പിച്ച് ജനങ്ങളിൽ അവബോധം വളർത്തി ശാസ്ത്രീയമായ സമീപനം ഏർപ്പെടുത്തി ഇക്കോ ടൂറിസം മേഖലയെ പരിപോഷിപ്പിച്ച് കേരളത്തിന്റെ ഏറ്റവും നല്ല മേഖലയാക്കി മാറ്റിയെടുക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാജു</u>: സർ, ഇക്കോ ടൂറിസം പദ്ധതി വനമേഖലയിലാണ് നടപ്പിലാക്കുന്നതാണ്. വനത്തെ ആശ്രയിച്ച് കഴിയുന്ന ആദിവാസികളുൾപ്പെടെയുള്ള വനസംരക്ഷണ സമിതി, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങൾ എന്നിവർക്ക് പ്രയോജനമുണ്ടാകുന്ന തരത്തിൽ, അവരുടെ

ജീവിതനിലവാരം മെച്ചപ്പെടുത്താനുതകുന്ന തരത്തിലുള്ള വരുമാനം ലഭിക്കാനുംകൂടി ഈ പദ്ധതികൾ പ്രയോജനപ്പെടുന്നുണ്ട്. അവിടെയുള്ള ജീവനക്കാർ സന്ദർശകരോട് സൗഹൃദപരമായ രീതിയിൽ പെരുമാറണം എന്നതാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതെന്ന് തോന്നുന്നു. തീർച്ചയായും ഇക്കോ ടൂറിസം മേഖലയിൽ വിന്യസിക്കപ്പെടുന്ന ഉദ്യോഗസ്ഥർ ടൂറിസ്റ്റുകളോട് വളരെ സൗഹാർദ്ദപരമായ സമീപനം സ്വീകരിക്കാൻ ബാദ്ധ്യസ്ഥരാണ്. ഏതെങ്കിലും ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്ന് വ്യത്യസ്തമായ സമീപനമുണ്ടാവുകയാണെങ്കിൽ അത് ചൂണ്ടിക്കാണിച്ചാൽ കർശനമായ നടപടി സ്വീകരിക്കുന്നതാണ്. വനങ്ങളുടെ അമൂല്യങ്ങളും അപൂർവതകളുമൊക്കെ ജനങ്ങൾക്ക് അടുത്തറിയാനും വനാശ്രിത ജനതയുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനുമാണ് ഇക്കോ ടൂറിസം വനമേഖലയിൽ നടപ്പിലാക്കുന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ആ നിലയിൽ പരമാവധി പ്ലാസ്റ്റിക്കും മറ്റ് മാലിന്യങ്ങളും ആ മേഖലയിൽ പൂർണ്ണമായി ഒഴിവാക്കപ്പെടേണ്ടതുണ്ട്. വന്യജീവികളുടെ ജീവിതത്തെ ബാധിക്കുന്ന തരത്തിലുള്ള ശബ്ദങ്ങളും മറ്റ് മലിനീകരണങ്ങളുമൊന്നും ഉണ്ടാകാൻ പാടില്ല. ആ രീതിയിലുള്ള പദ്ധതികളാണ് ഇപ്പോൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.

<u>ശ്രീ. ജി. എസ്. ജയലാൽ:</u> സർ, ഇക്കോ ടൂറിസം പദ്ധതി വനാശ്രിത സമൂഹത്തിനുകൂടി ഗുണകരമായ പദ്ധതിയായിട്ടാണ് നടപ്പിലാക്കുന്നതെന്ന് അങ്ങ് സൂചിപ്പിച്ചു. അവിടെ ട്രൈബൽ ഗൈഡുകളുടെ റോൾ വളരെ പ്രധാനമാണ്. ട്രൈബൽ ഗൈഡുകൾക്ക് ശാസ്ത്രീയമായ പരിശീലനം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ പരിശീലനം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. തേക്കടിയിൽ കഴിഞ്ഞ ദിവസം ഫോട്ടോ എടുക്കാൻ ശ്രമിച്ച രണ്ട് ഗുജറാത്തികളെ ആന അപകടപ്പെടുത്തിയതായി വാർത്ത വന്നിരുന്നു. അവിടെ എവിടെവരെയാണ് ടൂറിസ്റ്റുകൾക്ക് സന്ദർശിക്കാൻ കഴിയുക തുടങ്ങിയ കാര്യങ്ങൾ ടൂറിസ്റ്റുകൾക്ക് പറഞ്ഞുകൊടുക്കാൻ കഴിയുന്ന തരത്തിലുള്ള ശാസ്ത്രീയമായ ട്രെയിനിംഗ് ട്രൈബൽ ഗൈഡുകൾക്ക് നൽകണം. അതുപോലെ വനവുമായി ബന്ധപ്പെട്ട എല്ലാ വിഷയത്തെ സംബന്ധിച്ചും വനജീവികളെ സംബന്ധിച്ചും ട്രെയിനിംഗ് നൽകി കൂടുതൽ ആകർഷകമായ രീതിയിലേയ്ക്ക് ഇക്കോ ടൂറിസത്തെ മാർക്കറ്റ് ചെയ്യാനും കൂടുതൽ ആദിവാസികൾക്ക് ട്രൈബൽ ഗൈഡുകളായി ജോലി ലഭ്യമാക്കാനും കഴിയുന്ന തരത്തിലുള്ള നടപടികൾക്ക് ഗവൺമെന്റ് മുൻകൈയെടുക്കുമോ?

<u>ശ്രീ. കെ. രാജു:</u> സർ, വനത്തെ ആശ്രയിച്ചുകഴിയുന്ന

ആദിവാസികളുൾപ്പെടെയുള്ള വനസംരക്ഷണ സമിതി, ഇക്കോ ടൂറിസം ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങൾക്ക് ട്രക്കിംഗ് മുഖേന വരുമാനം ലഭിക്കുന്ന വിധത്തിലാണ് ഇക്കോ ടൂറിസം പദ്ധതി സംഘടിപ്പിച്ചിട്ടുള്ളത്. ഇത് ടൂറിസം മേഖലയിൽ ഉൾപ്പെട്ട സ്ഥലത്തുകൂടിയാണ് നടത്തുന്നത്. വന്യജീവികളുടെ ആവാസ വ്യവസ്ഥയ്ക്ക് കോട്ടം തട്ടാത്ത വിധത്തിലും താരതമ്യേന മൃഗങ്ങൾ കുറവുള്ള സ്ഥലങ്ങൾ തെരഞ്ഞെടുത്തുമാണ് ട്രക്കിംഗ് നടത്തുന്നത്. വനത്തിൽ പരിചയമുള്ള ആദിവാസി വിഭാഗത്തിൽപ്പെട്ടവർ ഗൈഡുകളായി സഞ്ചാരികളെ അനുഗമിക്കുന്നുണ്ട്. ഇത്തരത്തിൽ ആദിവാസികളുടെ സേവനം പ്രയോജനപ്പെടുത്തുന്നതുവഴി ട്രക്കിംഗ് ടൂറിസം അവരുടെ ഉപജീവനമാർഗ്ഗവുമാകുന്നു. കൂടാതെ സഞ്ചാരികളുടെ സുരക്ഷ ഉറപ്പുവരുത്താൻ ചില പ്രദേശങ്ങളിൽ ആയുധധാരികളായ ഒരു ഫോറസ്റ്റ് ഗാർഡിന്റെ സേവനംകൂടി ഉപയോഗപ്പെടുത്തുന്നുണ്ട്. വന്യമൃഗങ്ങളെ ഭയക്കാതെതന്നെ സന്ദർശകർക്ക് കഴിയുന്നിടത്തോളം വന്യമൃഗങ്ങളെ നേരിൽ കാണാനുള്ള സൗകര്യങ്ങളും ഒരുക്കുന്നുണ്ട്. ട്രക്കിംഗ് മുഖേന ലഭിക്കുന്ന വരുമാനം ആദിവാസി വിഭാഗത്തിൽപ്പെട്ട വാച്ചർമാർക്കും മറ്റും ശമ്പളം നൽകുന്നതിനും വനസംരക്ഷണ സമിതി, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങളുടെ

ഉപജീവനത്തിനും ഉന്നമനത്തിനുമായി ഉപയോഗിക്കുന്നു. ഇക്കോ ടൂറിസം പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിവരുന്ന ട്രക്കിംഗ് പരിപാടിയിൽ നിലവിലുള്ള സംവിധാനങ്ങളുടെ പരിധിയിൽനിന്ന് എല്ലാ തരത്തിലുള്ള സുരക്ഷാക്രമീകരണങ്ങളും ഉറപ്പാക്കിയിട്ടുണ്ട്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ടൂറിസം മേഖലയിൽ ഏറ്റവുംകൂടുതൽ വളർന്നുവരാൻ കഴിയുന്ന സാഹചര്യമാണ് ഇന്ന് കേരളത്തിലുള്ളത്. ഏറ്റവും പ്രധാനമായി ജനങ്ങളെ ആകർഷിക്കുന്നത് വനമേഖലയാണ്. മൃഗങ്ങളെ നേരിട്ട് കാണുന്നതിനും വനത്തിന്റെ സൗന്ദര്യം ആസ്വദിക്കുന്നതിനുമാണ് സന്ദർശകർ വരുന്നത്. ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്നതിന്റെ അടിസ്ഥാനമെന്തൊക്കെയാണ്; അത്തരം സ്ഥലങ്ങൾ തെരഞ്ഞെടുക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും മാനദണ്ഡങ്ങളുണ്ടോ?

ശ്രീ. കെ. രാജു: സർ, പുഴകൾ, പുൽമേടുകൾ, വെള്ളച്ചാട്ടങ്ങൾ എന്നിങ്ങനെ വളരെ പ്രകൃതിരമണീയമായതും പൊതുജനങ്ങൾ കാലാകാലങ്ങളായി സന്ദർശിച്ചുവരുന്നതുമായ പ്രദേശങ്ങളാണ് പ്രധാനമായും പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. ടൂറിസം വകുപ്പിൽനിന്ന് പദ്ധതിക്കായി സാമ്പത്തിക സഹായത്തിന് പ്രോജക്റ്റ് റിപ്പോർട്ട് നൽകുന്നത് സംബന്ധിച്ച് ടൂറിസം വകുപ്പ്

വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. കൂടാതെ 1972-ലെ കേന്ദ്രവന്യജീവി സംരക്ഷണ നിയമം, 1980-ലെ കേന്ദ്രവനം സംരക്ഷണനിയമം എന്നീ നിയമങ്ങൾ അനുശാസിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ മാത്രമാണ് ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്നത്. വന പരിസ്ഥിതിക്ക് കോട്ടം തട്ടുന്ന വിധത്തിലുള്ള യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും പദ്ധതിയുടെ ഭാഗമായി അനുവദിക്കുന്നില്ല. പ്രകൃതി പഠനത്തിനും സന്ദർശകരുടെ പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കുന്നതിനുമുള്ള സൗകര്യങ്ങൾ മാത്രമേ പദ്ധതി പ്രദേശത്ത് ഒരുക്കുന്നുള്ളൂ. ഇതിനായി പലപ്പോഴും പദ്ധതി പ്രദേശത്ത് നിലവിലുള്ള സൗകര്യങ്ങളോ കെട്ടിടങ്ങളോ ആണ് പ്രയോജനപ്പെടുത്തുന്നത്. സംസ്ഥാനത്ത് 60 കേന്ദ്രങ്ങളിലാണ് ഇക്കോ ടൂറിസം പദ്ധതി വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്നത്.

<u>ശ്രീ. ഇ. കെ. വിജയൻ:</u> സർ, നമ്മുടെ സംസ്ഥാനത്ത് ഇക്കോ ടൂറിസം പദ്ധതി വനം വകുപ്പുമായി ബന്ധപ്പെട്ട് വളരെയേറെ മുന്നോട്ടുപോയിരിക്കുകയാണ്. അതിന്റെ ഭാഗമായി കേരള വനവികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ ഗവിയിൽ ആരംഭിച്ച പ്രവർത്തനം ഏറെ ശ്രദ്ധേയമാവുകയും ഒരു സിനിമതന്നെ ഗവി എന്ന പേരിൽ വളരെ

വിജയകരമായി ഓട്ടകയും ചെയ്തു. അതിനുശേഷം ടൂറിസ്റ്റുകളുടെ കേന്ദ്രമായി ഗവി മാറുകയും ചെയ്തു. വികസനത്തിന്റെ ഭാഗമായി നാദാപുരം മണ്ഡലത്തിൽ ജാനകിക്കാട് ഇക്കോ ടൂറിസം പ്രോജക്ട് നേരത്തെ നടപ്പിലായതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാനുള്ള സാമ്പത്തിക സഹായങ്ങളോ മറ്റ് നടപടികളോ ഉണ്ടായില്ല. അത് വീണ്ടും ആരംഭിക്കുവാൻ എല്ലാവിധ സഹായവും വനം വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

<u>ശ്രീ. കെ. രാജു</u>: സർ, ധാരാളം ടൂറിസ്റ്റുകളെ ആകർഷിക്കുന്ന ഒരു ഇക്കോ ടൂറിസം സെന്ററായി ഗവി മാറിയിട്ടുണ്ട്. അവിടെ എത്തുന്ന എല്ലാ ടൂറിസ്റ്റുകൾക്കും അവിടെ പ്രവേശിക്കാൻ കഴിയാത്ത സ്ഥിതി പലപ്പോഴുമുണ്ടാകുന്നുണ്ട്. അത് പരിഹരിക്കുന്നതിനാവശ്യമായ ചർച്ചകൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇക്കോ ടൂറിസത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് ഇത്ര വാഹനം മാത്രമേ കടത്തിവിടൂ എന്ന് നേരത്തെതന്നെ ഒരു ധാരണയുണ്ട്. ടൂറിസ്റ്റുകൾ വൻകൂട്ടമായി വനത്തിനുള്ളിൽ പ്രവേശിച്ചാൽ അത് വന്യമൃഗങ്ങളുടെ ജീവിതത്തിന് പ്രശ്നമാകും എന്നതുകൊണ്ടാണ് അങ്ങനെ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. എങ്കിലും കുറെക്കൂടി സന്ദർശകർക്ക് ഗവി സന്ദർശിക്കുന്നതിനാവശ്യമായ

അവസരം ഒരുക്കുന്നതിനുവേണ്ടിയുള്ള ചർച്ചകൾ നടത്തിവരികയാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച നാദാപുരം മണ്ഡലത്തിലെ ജാനകിക്കാട് ഇക്കോ ടൂറിസം പ്രോജക്ടിന്റെ കാര്യം പ്രത്യേകം പരിശോധിക്കാം.

<u>ശ്രീ. വി. ആർ. സുനിൽ കുമാറിനുവേണ്ടി ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, കേരളത്തിന്റെ സവിശേഷമായ സാഹചര്യത്തിൽ തൊഴിൽസാദ്ധ്യതയും വിദേശ മൂലധനവും നേടിത്തരാൻ അനന്തസാദ്ധ്യതയുള്ളതാണ് ഇക്കോ ടൂറിസം. എന്നാൽ ഇക്കോ ടൂറിസം സന്ദർശിക്കാനെത്തുന്നവർക്ക് നിരവധിയായ പ്രയാസങ്ങൾ നേരിടുകയാണ്. ഇക്കോ ടൂറിസം പ്രദേശം സന്ദർശിക്കാനെത്തുന്നവർക്ക് അടിസ്ഥാന സൗകര്യമില്ലായ്മ പോലെയുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളും നടപടികളുമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്?

<u>ശ്രീ. കെ. രാജു</u>: സർ, വനമേഖല കേന്ദ്രീകരിച്ച് ഒറ്റത്തവണ ബുക്കിംഗിലൂടെ ഒന്നിലധികം കേന്ദ്രങ്ങളിൽ സന്ദർശനം സാധ്യമാക്കുന്ന തരത്തിൽ ഇക്കോ ടൂറിസം സർക്യൂട്ട് ആവിഷ്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇക്കോ ടൂറിസം സർക്യൂട്ട് ആവിഷ്കരിച്ചാൽ സന്ദർശകർക്ക് നേരത്തെതന്നെ

ബുക്ക് ചെയ്ത് പല കേന്ദ്രങ്ങൾ സന്ദർശിക്കാൻ കഴിയും. തിരുവനന്തപുരം കേന്ദ്രീകരിച്ച് നെയ്യാർ, കോട്ടൂർ, ശെന്തുരുണി, അച്ചൻകോവിൽ തുടങ്ങിയ സ്ഥലങ്ങളെ ബന്ധിപ്പിച്ച് ഒരു ടൂറിസം സർക്യൂട്ട്, കോന്നി, ഗവി, തേക്കടി, വാഗമൺ കേന്ദ്രീകരിച്ച് ഒരു സർക്യൂട്ട് മൂന്നാർ, ഇരവികുളം, ചിന്നാർ മേഖലകളെ ബന്ധിപ്പിച്ച് ഒരു സർക്യൂട്ട്, അതിരപ്പിള്ളി, വാഴച്ചാൽ, പറമ്പിക്കുളം എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ച് ഒരു സർക്യൂട്ട്, നെല്ലിയാംപതി, ശിരുവാണി, പീച്ചി, വാഴാനി എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ച് ഒരു സർക്യൂട്ട്, കണ്ണൂർ, നോർത്ത് വയനാട് എന്നിവയെ ബന്ധിപ്പിച്ചുകൊണ്ട് മലബാർ സർക്യൂട്ട് എന്ന പേരിൽ ഒരു സർക്യൂട്ട്, കൊട്ടിയൂർ, ആറളം, റാണിപുരം, പരപ്പ എന്നീ സ്ഥലങ്ങളെ ബന്ധിപ്പിപ്പ് ഒരു സർക്യൂട്ട്, സൈലന്റ് വാലി, നിലമ്പൂർ കേന്ദ്രീകരിച്ച് ഒരു സർക്യൂട്ട്, വയനാട് കേന്ദ്രീകരിച്ച് ഒരു പ്രത്യേക സർക്യൂട്ട്, കണ്ടൽക്കാടുകളെ അടിസ്ഥാനപ്പെടുത്തി കാസർഗോഡ്-കണ്ണൂർ സർക്യൂട്ട് എന്നിങ്ങനെ പത്ത് ടൂറിസം സർക്യൂട്ടുകൾ ഇക്കോ ടൂറിസവുമായി ബന്ധപ്പെടുത്തി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യമാണ് ഇപ്പോൾ പരിഗണിച്ചുവരുന്നത്.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, കോന്നി-ആനക്കോട് കേന്ദ്രീകരിച്ചാണ് ഇക്കോ ടൂറിസം പദ്ധതിയുടെ തുടക്കം. അവിടെ നിന്ന് കൊക്കാത്തോട് പോലുള്ള

സ്ഥലങ്ങളിലേയ്ക്ക് ട്രക്കിംഗ് ആരംഭിച്ചിട്ടുണ്ട്. അടവി ഇക്കോ ടൂറിസം പദ്ധതിയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ടൂറിസം വകുപ്പിൽ നിന്ന് ഏകദേശം 75 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അവിടെ അടിസ്ഥാന സൗകര്യങ്ങൾ ഒന്നുംതന്നെയില്ല. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 75 ലക്ഷം രൂപയുടെ പണികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചെങ്കിലും ഫൗണ്ടേഷൻ കെട്ടുക മാത്രമാണ് ചെയ്തത്. അതൊന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടിയുണ്ടാകണം. കൂടാതെ, കോന്നി-അടവി-ഗവി അടങ്ങിയ ടൂറിസം പദ്ധതിയെക്കുറിച്ച് പറയുകയുണ്ടായി. ഗവിയുമായി ബന്ധപ്പെട്ട് കേന്ദ്രഗവൺമെന്റിൽ നിന്നും ഏതാണ് 100 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അങ്ങയുടെ വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ നിരുത്തവാദപരമായ പ്രവർത്തനങ്ങളിലൂടെ ആ തുക വിനിയോഗിക്കാൻ കഴിയുന്നില്ല. ടൂറിസം വകുപ്പാണ് പണം അനുവദിക്കുന്നത്. അടവിയിലെ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുവേണ്ടിയുള്ള നടപടകൾ ഉണ്ടാകുന്നതോടൊപ്പം ഗവിയിൽ അനുവദിച്ച 100 കോടി രൂപ വിനിയോഗിക്കുവാൻ കഴിയുന്ന തരത്തിലുള്ള തീരുമാനങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്നുണ്ടാകണം. മാത്രമല്ല, ഗവിയിലെ വരുമാനം വർഷം

കഴിയുന്തോറും വർദ്ധിക്കുന്നുണ്ട്. വരുമാനം വർദ്ധിക്കുന്നതനുസരിച്ച് അതാത് പഞ്ചായത്തുകൾക്ക് കൂടി നിശ്ചിത ശതമാനം തുക കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. രാജു: സർ, കോന്നി മണ്ഡലവുമായി ബന്ധപ്പെട്ടുവരുന്ന പ്രദേശത്ത് ഇക്കോടൂറിസം പദ്ധതി വളരെ വിജയകരമായി നടപ്പിലാക്കിവരുന്നുണ്ട്. അങ്ങ് സൂചിപ്പിച്ചതുപോലെ, അവിടെ നിന്നും നല്ല വരുമാനവുമുണ്ട്. എന്നാൽ ഈ പ്രദേശമെല്ലാം വനത്തിൽ ഉൾപ്പെട്ടുവരുന്നതാണ്. എത്രകോടി രൂപ അനുവദിച്ചാലും സ്വാഭാവികമായും വനവുമായി ബന്ധപ്പെട്ട ഇക്കോ സിസ്റ്റം പൂർണ്ണമായും സംരക്ഷിച്ചുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മാത്രമേ അവിടെ നടത്താൻ കഴിയുകയുള്ളൂവെന്ന് അങ്ങേയ്ക്കുമറിയാം. ആ സാഹചര്യത്തിൽ അനുവദിക്കപ്പെട്ടിട്ടുണ്ടെന്ന് അങ്ങ് സൂചിപ്പിച്ച തുക, പരിസ്ഥിതിക്ക് കോട്ടം തട്ടാതെയും എന്നാൽ ടൂറിസത്തിന് ഫലപ്രദമായും ഉപയോഗിക്കാൻ കഴിയുന്നതരത്തിലും എങ്ങനെ വിനിയോഗിക്കാൻ കഴിയുമെന്നത് സംബന്ധിച്ച് കൂട്ടായി ആലോചിച്ച് നടപടികളെടുക്കാം. ഇപ്പോൾ അവിടെ നടപ്പിലാക്കിയിട്ടുള്ള കുട്ടവഞ്ചിയിൽ ഞാനും ബഹുമാനപ്പെട്ട മെമ്പറും കയറിയിട്ടുള്ളതാണ്. അത് സംസ്ഥാനത്ത് പല മേഖലകളിലേയ്ക്കും

നടപ്പിലാക്കാൻ കഴിയുന്നതാണ്. മാത്രമല്ല, ധാരാളം വിദേശ ടൂറിസ്റ്റുകളടക്കം കുട്ടവഞ്ചിയിൽ സഞ്ചരിക്കുന്നതിന് താൽപ്പര്യം കാണിക്കാറുണ്ട്. അതുപോലെ അങ്ങ് സൂചിപ്പിച്ച, ഗവിയുടെ കാര്യം ഞാൻ നേരത്തെ പറഞ്ഞതാണ്. ഗവി-കോന്നി-തേക്കടി-വാഗമൺ ഇവ ചേർത്താണ് സർക്യൂട്ട് നടപ്പിലാക്കാൻ ആലോചിക്കുന്നത്. തീർച്ചയായും ഗവിക്ക് അർഹമായ പ്രാധാന്യം തന്നെയുണ്ടാകും. എങ്കിൽപ്പോലും വനത്തിന്റെ പരിസ്ഥിതി പൂർണ്ണമായും സംരക്ഷിച്ചുകൊണ്ടുള്ള പദ്ധതികൾ മാത്രമെ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. പഞ്ചായത്തുകൾക്ക് വരുമാനത്തിന്റെ വിഹിതം കൊടുക്കുന്നത് സംബന്ധിച്ച് ഇപ്പോൾ ആലോചിച്ചിട്ടില്ല. വനാശ്രിത സമൂഹത്തെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾക്കാണ് വരുമാനം മുഴുവൻ ലഭിക്കുന്നത്. അത് പഞ്ചായത്തിൽത്തന്നെ ഉൾപ്പെടുന്നതാണ്. പഞ്ചായത്ത് എന്നുപറയുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് വരുമാനത്തിന്റെ ഒരു വിഹിതം കൊടുക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടില്ല. അതിന്റെ സാദ്ധ്യതകൾ പഠിച്ചതിനുശേഷം മാത്രമെ പറയാൻ സാധിക്കുകയുള്ളൂ.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: സർ, കക്കയത്ത് ഇക്കോ ടൂറിസം സർക്യൂട്ട് വരാൻ

പോകുന്നതിന്റെ പണികൾ പൂർത്തീകരിച്ചുവരുന്ന സാഹചര്യത്തിൽ വിദേശികളും ദേശികളുമായ ധാരാളം സന്ദർശകരാണ് അവിടെയെത്തുന്നത്. കെ.എസ്.ഇ.ബി. അവിടെ ബോട്ട് സർവ്വീസും തുടങ്ങിയിട്ടുണ്ട്. വനംവകുപ്പ് ഒരാൾക്ക് 40 രൂപ ഫീസ് ചുമത്തുകയാണ്. യാതൊരു സൗകര്യങ്ങളും ഒരുക്കിയിട്ടുമില്ല. അതേസമയം മത്സരബുദ്ധിയാൽ കെ.എസ്.ഇ.ബി.-യും 20 രൂപ ചുമത്തിയിട്ടുണ്ട്. ദേശീയ ടൂറിസ്റ്റുകളെ ആകർഷിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രാദേശിക ടൂറിസങ്ങളിൽ ഇത്തരത്തിൽ ഫീസ് ചുമത്തുന്നതിന് ആരാണ് ഉത്തരവാദികൾ; ഇതിനെല്ലാം വനംവകുപ്പ് ഉത്തരവ് നൽകിയിട്ടുണ്ടോ?

ശ്രീ. കെ. രാജു: സർ, പ്രത്യേക ചോദ്യമായി തന്നാൽ മാത്രമെ ഡീറ്റെയിൽസ് മനസ്സിലാക്കി പറയാൻ സാധിക്കുകയുള്ളൂ. പ്രത്യേക ഇക്കോ ടൂറിസം മേഖലയിലെ കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത്. അതെഴുതിത്തന്നാൽ അവിടെയുള്ള വിഷയങ്ങൾ പരിഹരിക്കുന്നതിന് കൂട്ടായി ആലോചിക്കാം.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, വയനാട് ജില്ലയിൽ ഉൾവനങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾ വനംവകുപ്പിന്റെ ലീസ് ഭൂമിയിലാണ് താമസിക്കുന്നത്. അവിടെ അവർ താനതായ, പാരമ്പര്യമായ കൃഷികൾ

നടത്താറുണ്ട്. അത്തരം കൃഷികൾക്ക്, ഇക്കോ ടൂറിസത്തിന്റെ ഭാഗമായി പദ്ധതികൾ ആവിഷ്ക്കരിച്ച് പ്രോത്സാഹനം നൽകാൻ കഴിയുമോ?

<u>ശ്രീ. കെ. രാജു</u>: സർ, ഇക്കോ ടൂറിസത്തിന്റെ ഭാഗമായി ഇപ്പോൾ നടപ്പിലാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച് ഞാൻ സൂചിപ്പിച്ചു. പരിസ്ഥിതിക്ക് കോട്ടംവരാത്ത വിധത്തിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന തരത്തിലുള്ള പദ്ധതികളാണവ. ആദിവാസി സമൂഹത്തിന് വനത്തിൽ കൃഷി ചെയ്യാനുള്ള അവകാശമുണ്ട്. പ്രത്യേകിച്ച് വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ സഹായങ്ങൾ വനംവകുപ്പിൽ നിന്നും പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നുമുണ്ട്. അക്കാര്യങ്ങൾ പരിശോധിച്ച് വേണ്ടതുചെയ്യാം.

<u>ശ്രീ. കെ. രാജൻ</u>: സർ, മൃഗശാലാ വകുപ്പുകൂടി കൈകാര്യം ചെയ്യുന്ന മന്ത്രിയോടാണ് എന്റെ ചോദ്യമെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി വേദിയിലുള്ളതുകൊണ്ടാണ് ഞാൻ ഈ ചോദ്യം പ്രസക്തമായി ചോദിക്കുന്നത്. സുവോളജിക്കൽ പാർക്ക് എന്ന പേരിൽ പുത്തൂരിൽ പ്രത്യേക മൃഗശാല ഉണ്ടാക്കാൻ തീരുമാനിച്ചിട്ട് 11 വർഷമായി. ഒരുപക്ഷേ ഇന്ത്യയിലെതന്നെ, പ്രത്യേകിച്ച് സൗത്ത് ഇന്ത്യയിലെ ഏറ്റവും കൂടുതൽ റവന്യൂ വരുമാനം

ഉണ്ടാക്കാൻ കഴിയുന്ന വിധത്തിൽ 300 ഏക്കറിലധികം ഭൂമി കൈവശം വച്ചുകൊണ്ടുള്ള പുതിയ പ്രോജക്ടിനാണ് ഗവൺമെന്റ് രൂപം കൊടുത്തത്. പദ്ധതിക്ക് ഈ ഗവൺമെന്റ് 150 കോടി രൂപ അനുവദിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ പല തടസ്സങ്ങൾ നിലനിൽക്കുന്നുണ്ട്. മുഖ്യമന്ത്രി ഇടപെട്ട് വനം-മൃഗശാല, ധനകാര്യം, ടൂറിസം വകുപ്പുകളെ ഏകോപിപ്പിച്ച് യോഗം വിളിക്കാമോ; അക്കാര്യത്തിലുള്ള നടപടികൾ വളരെ വേഗത്തിലാക്കാൻ കഴിയുമോ?

<u>ശ്രീ. കെ. രാജു</u>: സർ, തൃശ്ശൂരിൽ നിലവിലുള്ള മൃഗശാല കേവലം 12.5 ഏക്കറിൽ പട്ടണത്തിലാണ് സ്ഥിതിചെയ്യുന്നത്. ആ 12.5 ഏക്കർ സ്ഥലത്തുള്ള മൃഗശാല വിശാലമായ സ്ഥലത്തേയ്ക്ക് മാറ്റണം. അതിനായി തൃശ്ശൂരിൽ നിന്ന് 20 കിലോമീറ്റർ അകലെ പൂത്തൂർ എന്ന സ്ഥലത്ത് 336 ഏക്കർ വനം കണ്ടെത്തിയിട്ടുണ്ട്. സാങ്കേതികമായ എല്ലാ അനുമതിയും ലഭിക്കുകയും ബഡ്ജറ്റിൽ 150 കോടി രൂപ അനുവദിക്കുകയും അതിൽ 15 കോടി രൂപ വിനിയോഗിക്കുന്നതിനുള്ള അനുമതി ലഭിക്കുകയും ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. വനം വകുപ്പ് ഉദ്യോഗസ്ഥർ തന്നെയാണ് മൃഗശാലയുടെ നിർമ്മാണച്ചുമതല വഹിക്കേണ്ടത്. ചുമതല

വഹിച്ചിരുന്ന പി.സി.സി.എഫ്. ഇപ്പോൾ റിട്ടയർ ചെയ്തു. പകരം സ്പെഷ്യൽ ആഫീസറെ നിയമിച്ച് ഉടൻ അതിന്റെ പ്രവർത്തനങ്ങളിലേയ്ക്ക് പോകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. 336 ഏക്കറിൽ ഒരു മൃഗശാല യാഥാർത്ഥ്യമായാൽ അത് ഇന്ത്യയിലെതന്നെ ഏറ്റവും വലിയ മൃഗശാല ആയിരിക്കും. അന്തർദ്ദേശീയ നിലവാരം പുലർത്തുന്ന മൃഗശാലയുടെ നിർമ്മാണത്തെക്കുറിച്ചാണ് ഗവൺമെന്റ് ആലോചിക്കുന്നത്. തീർച്ചയായും അത് പ്രാവർത്തികമാക്കുന്നതിന് മെമ്പറുടെ താൽപ്പര്യം പോലെ ഗവൺമെന്റും ആവശ്യമായ ജോലികൾ നിർവ്വഹിക്കുന്നതാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി വനമേഖലയിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് സർക്ക്യൂട്ട് ഉണ്ടാക്കുന്ന കാര്യം പറഞ്ഞു. ഇതിൽ മണ്ണാർക്കാട് മേഖലയിലുള്ള സൈലന്റ്‌വാലി, ശിരുവാണി, പാത്രക്കടവ്, മീൻവല്ലം എന്നിവ തൃശ്ശൂരിനോടും നിലമ്പൂരിനോടും ബന്ധിപ്പിച്ചുകൊണ്ട് രണ്ട് സർക്ക്യൂട്ടുകളിലായിട്ടാണ് പറഞ്ഞത്. എന്നാൽ സൈലന്റ്‌വാലി, ശിരുവാണി, മീൻവല്ലം, പാത്രക്കടവ് ഇതെല്ലാംകൂടി കേന്ദ്രീകരിച്ച് ഒരു സർക്ക്യൂട്ട് ആക്കുന്നതായിരിക്കും സൗകര്യപ്രദമാകുന്നത് എന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്.

അതോടൊപ്പംതന്നെ സൈലന്റ്‌വാലിയിൽ നിരവധി ആളുകൾ കാട്ടുകാണാൻ വരുന്നുണ്ടെങ്കിലും അതിനുള്ള സൗകര്യങ്ങൾ അവിടെയില്ല. ഡോർമിറ്ററി, താമസസൗകര്യം റോഡ് സൗകര്യം, വാഹന സൗകര്യം എന്നിവ നൽകാൻ സർക്കാർ സഹായിക്കുമോ?

ശ്രീ. കെ. രാജു: സർ, സർക്ക്യൂട്ടിലെ ഡെസ്റ്റിനേഷൻ മാറ്റിയെടുക്കണമെന്ന് അങ്ങ് പറഞ്ഞ നിർദ്ദേശം ആലോചിച്ച് ചെയ്യാവുന്ന കാര്യമാണ്. സൈലന്റ്‌വാലിയിലേയ്ക്കുള്ള യാത്രാസൗകര്യത്തെ സംബന്ധിച്ച്, വനമേഖലയിൽ റോഡ് പുതിയതായി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ധാരാളം... നിലവിലുള്ള വന നിയമങ്ങളുടെ അടിസ്ഥാനത്തിൽ നിന്നുകൊണ്ട് പരമാവധി സൗകര്യങ്ങളൊരുക്കാം. അവിടെ മാത്രമല്ല പല മേഖലകളിലും ഈ ആവശ്യം ഉയർന്നുവരുന്നുണ്ട്. അതായത് ജനങ്ങൾക്ക് പലപ്പോഴും പെട്ടെന്ന് പോകാൻ കഴിയത്തക്കരീതിയിലുള്ള റോഡുകൾ ആവശ്യമായി വരുന്നുണ്ട്. വനത്തിനകത്തുകൂടിയുള്ള റോഡിനെ സംബന്ധിച്ച് നിലവിലുള്ള നിയമങ്ങൾ തടസ്സമായി വരുന്നു. എങ്കിൽപ്പോലും നേരത്തെ നിലവിലുണ്ടായിരുന്ന റോഡുകൾ വീതി വർദ്ധിപ്പിക്കേണ്ട ആവശ്യവും പുതിയതായി മരം മുറിക്കേണ്ട അവശ്യവും വരുന്നില്ലായെങ്കിൽ ടാറിംഗ് ഒഴികെയുള്ള മറ്റ് നിർമ്മാണ

പ്രവർത്തനങ്ങൾക്ക് അനുമതി നൽകാവുന്നതാണ്. അതിനാവശ്യമായ അപേക്ഷ നൽകണം. വനംവകുപ്പ് അത് പരിശോധിച്ച് ആവശ്യമായ അനുമതി നൽകുന്നതാണ്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ഏറ്റവും കൂടുതൽ കണ്ടൽ വനങ്ങളുള്ള ജില്ലയാണ് കണ്ണൂർ. പാപ്പിനിശ്ശേരിയിൽ ഈ നിയമസഭയിൽ അംഗമായ ബഹുമാനപ്പെട്ട ഇ. പി. ജയരാജൻ മുൻകയ്യെടുത്ത് ഒരു മാതൃകാ കണ്ടൽ പാർക്ക് സ്ഥാപിച്ചു. രാഷ്ട്രീയ വിവാദങ്ങളുയർത്തികൊണ്ടുവന്ന് എതിരാളികൾ ആ പദ്ധതി അട്ടിമറിച്ചു. ബഹുമാനപ്പെട്ട സ്പീക്കർ ഉൾപ്പെടെ ശ്രീ. ജെയിംസ് മാത്യു മുൻകയ്യെടുത്തുകൊണ്ട് 11 എം.എൽ.എ.-മാർ ഈ കണ്ടൽ വനങ്ങൾ കാണുന്നതിനുവേണ്ടി കെ.എഫ്.ആർ.ഐ.-യുടെ നേതൃത്വത്തിൽ ഒരു യാത്ര കഴിഞ്ഞ വർഷം നടത്തിയിരുന്നു. നമ്മുടെ ആവാസ വ്യവസ്ഥയ്ക്ക് കണ്ടൽക്കാടുകൾ വളരെയേറെ ആവശ്യമാണ്. ഇത് മുൻനിർത്തികൊണ്ട് ഒരു കണ്ടൽ പാർക്ക് ആരംഭിക്കാനും കണ്ടൽ മേഖലയിൽ കണ്ടൽ വനങ്ങളെ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് ഒരു ഇക്കോ ടൂറിസം പദ്ധതി ആരംഭിക്കാനും സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. കെ. രാജു</u>: സർ, കണ്ടൽക്കാടുകൾ സംരക്ഷിക്കപ്പെടേണ്ടത് നമ്മുടെ

പ്രകൃതി സംരക്ഷണത്തിന് വളരെ ആവശ്യമാണ്. അത്തരം കണ്ടൽക്കാടുകൾ വനംവകുപ്പുതന്നെ ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് വനംവകുപ്പ് തയ്യാറാണ്. പക്ഷെ നിർബന്ധപൂർവ്വമായിട്ടുള്ള ഒരു ഇടപെടൽ നടത്തികൊണ്ട് ഏറ്റെടുക്കുന്നതിന് വനംവകുപ്പ് ആഗ്രഹിക്കുന്നില്ല. എവിടെയെല്ലാം കണ്ടൽക്കാടുകൾ വനംവകുപ്പിന്റെ സംരക്ഷണയിൽ വിട്ടുതരാൻ തയ്യാറുള്ളവയെല്ലാം ഏറ്റെടുത്ത് സംരക്ഷിക്കാനും കണ്ടൽക്കാടുകൾ കേന്ദ്രീകരിച്ചുള്ള ടൂറിസം പദ്ധതിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിക്കുകയുണ്ടായി. അതടക്കമുള്ള കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് ഇവ ടൂറിസം പദ്ധതിയിലുൾപ്പെടുത്തികൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്.

<u>പട്ടികജാതി കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിന് പദ്ധതി</u>

(*662) <u>ശ്രീ. കെ. ഡി. പ്രസേനൻ:</u>
<u>ശ്രീ. ആർ. രാജേഷ്:</u>
<u>ശ്രീ. വി. അബ്ദുറഹിമാൻ:</u>
<u>ശ്രീ. കെ. ജി. മാക്സി:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് പുതിയതായി വീട് വയ്ക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ;

(ബി) വാസയോഗ്യമല്ലാത്ത ഭവനങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് ഭവനം മെച്ചപ്പെടുത്തുന്നതിനും അധികമായി മുറികൾ നിർമ്മിക്കുന്നതിനുമാവശ്യമായ ധനസഹായം നൽകാറുണ്ടോ;

(സി) മുൻവർഷങ്ങളിൽ പണം ഭാഗികമായി അനുവദിച്ചതും എന്നാൽ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാതിരുന്നതുമായ ഭവനങ്ങൾ പൂർത്തീകരിക്കുന്നതിന് തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

സർ,

(എ) നിലവിലുണ്ട്. ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായ പദ്ധതിപ്രകാരം 3,00,000/- രൂപയും ദുർബല വിഭാഗ ഭവനപുനരധിവാസ പദ്ധതി പ്രകാരം 3,50,000/- രൂപയും 4 ഗഡുക്കളായി അനുവദിച്ചുവരുന്നു. 2016-17 വർഷം 7500 പേർക്ക് പുതുതായി

വീട് വയ്ക്കുന്നതിനുള്ള ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) നൽകാറുണ്ട്. ഭവനം മെച്ചപ്പെടുത്തുന്നതിനും അഡീഷണൽ റൂം നിർമ്മിക്കുന്നതിനും വേണ്ടി 50,000/- രൂപ ധനസഹായം നൽകുന്നുണ്ട്. 2016-17 വർഷം 7000 പേർക്ക് ഭവനം മെച്ചപ്പെടുത്തുന്നതിനും അഡീഷണൽ റൂം നിർമ്മിക്കുന്നതിനും ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. 2015-16 വരെ ഭവന നിർമ്മാണ ധനസഹായം അനുവദിച്ച ഗുണഭോക്താക്കളിൽ വിവിധ ഘട്ടങ്ങളിൽ പണി പൂർത്തീകരിക്കാതെ അവശേഷിക്കുന്ന 16363 പേർക്ക് സ്പിൽ ഓവർ പദ്ധതി പ്രകാരം തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 2007-2011 കാലത്ത് ഒട്ടാകെ അനുവദിച്ച 49464 വീടുകളിലെ പൂർത്തീകരിച്ച 44,104 വീടുകൾ കഴിച്ച് സ്പിൽ ഓവർ ആയ 5360 എണ്ണവും 2011-2016 കാലത്ത് ഒട്ടാകെ അനുവദിച്ച 24594 വീടുകളിൽ സ്പിൽ ഓവർ ആയ 11003 വീടുകളും ഉൾപ്പെടുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട

പാവങ്ങൾക്ക് വീടുവയ്ക്കുന്നതിനാവശ്യമായ സ്ഥലം വാങ്ങാൻ ഇന്ന് അനുവദിക്കുന്ന പരിമിതമായ തുക അവരവർ താമസിക്കുന്ന സ്ഥലത്തിന് സമീപം സ്ഥലം ലഭിക്കുന്നതിന് പര്യാപ്തമല്ല. അതുകൊണ്ട് പലരും വളരെ റിമോട്ട് ആയ സ്ഥലങ്ങൾ തേടിപ്പോയി സ്ഥലം വാങ്ങുകയും അവിടെ വീട് വയ്ക്കുകയും ചെയ്യുന്നു. പക്ഷെ, വളരെ പെട്ടെന്നുതന്നെ അവർ അവരുടെ കോളനികളിലേയ്ക്ക് തിരിച്ചുവരികയും ചെയ്യുന്നു. ചിലരാകട്ടെ ഈ ബുദ്ധിമുട്ട് മുൻകൂട്ടി മനസ്സിലാക്കി ധനസഹായംപോലും സ്വീകരിക്കാൻ ഇന്ന് സന്നദ്ധമാകുന്നില്ല. ഈ അവസ്ഥയ്ക്ക് പരിഹാരം കാണാൻ അവരുടെ സാംസ്കാരികമായ തനിമ നിലനിർത്തി അവരവരുടെ പ്രദേശത്ത് താമസിക്കാൻ കഴിയാവുന്ന തരത്തിൽ നിലവിൽ അവർ താമസിച്ചുവരുന്ന കോളനികൾക്ക് സമീപം സ്ഥലം കണ്ടെത്തി ഫ്ലാറ്റുകൾ നിർമ്മിച്ച് ആ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ പദ്ധതി തയ്യാറാക്കുമോ?

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, ഇത് നല്ലൊരു നിർദ്ദേശമാണ്. പട്ടികജാതി വിഭാഗങ്ങളിൽ ഏതാണ്ട് സ്ഥലമില്ലാത്തവർ ഇപ്പോൾ 30698 ആണ്. അവർക്ക് ഭൂമി ലഭ്യമാക്കുക, പരമാവധി അവരുടെ കോളനിക്കടുത്തുതന്നെ വീട് ലഭ്യമാക്കുക. അതോടൊപ്പംതന്നെ സമഗ്ര

ഭവനനിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു പുതിയ പദ്ധതിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നേതൃത്വംകൊടുത്ത് രൂപപ്പെടുത്തുന്നുണ്ട്. ആ സമയത്ത് ഈ ഫ്ലാറ്റ് സിസ്റ്റത്തെ സംബന്ധിച്ചുള്ള പരിശോധനയും ഗവൺമെന്റ് നടത്തുന്നതായിരിക്കും. ഇതൊരു പ്രശ്നം തന്നെയാണ്. താമസിക്കുന്ന സ്ഥലത്തുതന്നെ adjacent ആയി ഭൂമി കിട്ടുക എന്നുപറയുന്നത്, ഭൂമിക്ക് വല്ലാത്ത വിലയാണ്. അപ്പോൾ കുറച്ച് നമ്മൾ മാറിപ്പോകേണ്ടിവരും. ഫ്ലാറ്റ് സിസ്റ്റംതന്നെയായിരിക്കും നല്ലത്.

<u>ശ്രീ. കെ. ഡി. പ്രസേനൻ:</u> സർ, എന്റെ മണ്ഡലത്തിൽ കഴിഞ്ഞ രണ്ടുമൂന്നുവർഷക്കാലമായി സ്ഥലത്തിനുവേണ്ടി അപേക്ഷ നൽകി സ്ഥലം ലഭിക്കാത്ത ഒരു ചെറുപ്പക്കാരൻ എന്നെ സമീപിച്ചു. വിവരമന്വേഷിച്ചപ്പോൾ മനസ്സിലാകുന്നത് അദ്ദേഹത്തിന്റെ അച്ഛന്റെ പേരിൽ 9 സെന്റ് ഭൂമിയുണ്ട്. അതിന് ചില സാങ്കേതിക തടസ്സമാണ് ഇപ്പോൾ ഉന്നയിക്കുന്നത്. യഥാർത്ഥത്തിൽ സംഭവിച്ചത് ഈ മകൻ മിശ്രവിവാഹം ചെയ്തതുകൊണ്ട് അച്ഛൻ ഈ മകനെ പുറത്താക്കിയിരിക്കുകയാണ്. അച്ഛന്റെ സ്ഥലമാകട്ടെ അയാൾ സ്വന്തമായി സമ്പാദിച്ചതാണ്. അതുകൊണ്ട് ഈ മകന് അതിലൊരു അവകാശവും ആവശ്യപ്പെടാൻ കഴിയില്ല. ഈ പരിതസ്ഥിതിയിലാണ്

അദ്ദേഹത്തിന് സ്ഥലം ലഭിക്കാതെ വന്നത്. ഇപ്പോൾ നിർബന്ധിച്ച് അച്ഛനോട് എഴുതി വാങ്ങിച്ച് പട്ടികജാതി വികസന വകുപ്പിന് കൈമാറിയിരിക്കുകയാണ്. 'ഞാൻ ഈ മകന് സ്ഥലം കൊടുക്കില്ല' എന്ന അഫിഡവിറ്റ് നൽകിയിരിക്കുകയാണ്. ഇത്തരം പരിതസ്ഥിതി സംസ്ഥാനത്ത് പലയിടത്തുമുണ്ടാകുമെന്ന് ഞാൻ കരുതുന്നു. അതുകൊണ്ട് അച്ഛന്റെ പേരിൽ സ്ഥലമുണ്ട് എന്നുള്ളതുകൊണ്ട് ഇതുപോലെ മക്കൾക്ക് ധനസഹായം അനുവദിക്കാതിരിക്കുന്നതിന് ഒരു പരിഹാരം കണ്ടെത്താൻ കഴിയുമോ?

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, ആകെ അച്ഛന്റെ പേരിൽ 9 സെന്റ് സ്ഥലം മാത്രമേയുള്ളൂ, മകന്റെ പേരിൽ ഭൂമിയുമില്ല. മകന് ഭൂമി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ കൊടുത്തുകഴിഞ്ഞാൽ ഡിപ്പാർട്ടുമെന്റുവഴിതന്നെ ഗ്രാമപ്രദേശങ്ങളിലായാലും 10 സെന്റ് ഭൂമി വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതേയുള്ളൂ. ഇപ്പോൾ അച്ഛനുമായി ഏറ്റുമുട്ടേണ്ട ഒരു പ്രശ്നത്തിൽ നിൽക്കുകയാണ്. 9 സെന്റ് ഭൂമി അയാളുടെ കൈവശമിരുന്നോട്ടെ, വേറെ അപേക്ഷ കൊടുക്കുന്നതല്ലേ നല്ലത്? ആകെ കുടികിടപ്പായി ലഭിക്കുന്നത് 10 സെന്റ് ഭൂമിയാണ്. അതിൽത്തന്നെ നാലും അഞ്ചും കുടുംബങ്ങളാണ്. ഒരു പുതിയ അപേക്ഷ കൊടുക്കുക എന്നതാണ് നല്ലത്. ജില്ലാ-ബ്ലോക്ക്-

പഞ്ചായത്തുകൾക്ക് ഇപ്പോൾ എസ്.സി.പി. ഫണ്ടുണ്ട്. ഇതിനെല്ലാം പുറമെ പട്ടികജാതി ഡിപ്പാർട്ടുമെന്റും തുക നൽകുന്നുണ്ട്. അങ്ങനെയുള്ള പ്രധാനപ്പെട്ട ഇഷ്യൂ ഏതെങ്കിലുമുണ്ടെങ്കിൽ ബഹുമാനപ്പെട്ട എം.എൽ.എ. പരാതിയായി തന്നുകഴിഞ്ഞാൽ അത് പരിശോധിക്കാം. ഭൂമി വാങ്ങുന്നതിനാവശ്യമായ നടപടിയും സ്വീകരിക്കാം.

<u>ശ്രീ. ആർ. രാജേഷ്:</u> സർ, ഒരു വീട് എന്നുപറയുന്നത് ഏതൊരു മനുഷ്യന്റെയും സ്വപ്നമാണ്. വീടില്ലാതിരിക്കുന്ന ആളുകൾക്കുമാത്രമാണ് അതിന്റെ ബുദ്ധിമുട്ട് മനസ്സിലാകുന്നത്. അത് പരിഹരിക്കാൻ ഒരു പുതിയ ഭവനപദ്ധതി സർക്കാർ പ്രഖ്യാപിച്ചത് സ്വാഗതാർഹമാണ്. നേരത്തെ ഐ.എ.വൈ. പദ്ധതിയുണ്ടായിരുന്നു. ആ പദ്ധതി ഇപ്പോൾ പ്രധാനമന്ത്രി ആവാസ് യോജനയായി മാറിയിട്ടുണ്ട്. അതിൽ 20300 വീടുകളാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൊടുക്കാൻ തീരുമാനിച്ചിരുന്നത്. വീട് നിർമ്മാണത്തിനുള്ള ധനസഹായം 2 ലക്ഷം രൂപയായിരുന്നത് 3 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഉത്തരവിറക്കി. ആ ഉത്തരവ് നടപ്പിലാക്കണമെങ്കിൽ ഒരു ലക്ഷം രൂപ നൽകേണ്ടത് പട്ടികജാതി വികസന വകുപ്പാണ്. അങ്ങനെ വരുമ്പോൾ 203 കോടി രൂപ കുടിശ്ശികയുള്ളതായാണ്

അറിയാൻ കഴിഞ്ഞത്. ഇത് കൊടുത്തെങ്കിൽ മാത്രമെ 20300 ഗുണഭോക്താക്കൾക്ക് വീട് എന്ന് പറയുന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ കഴിയുകയുള്ളൂ. 203 കോടി രൂപ അടിയന്തരമായി കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; ഇത് കൊടുക്കാതിരിക്കുന്നതിന്റെ ഭാഗമായി നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ഏതെങ്കിലും കേന്ദ്രസഹായം നഷ്ടപ്പെടാനുള്ള സാഹചര്യം ഇപ്പോൾ നിലവിലുണ്ടോ?

ശ്രീ. എ. കെ. ബാലൻ : സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഐ.എ.വൈ. പ്രകാരമുള്ള 26,017 വീടുകളും ഡിപ്പാർട്ട്മെന്റുവഴിയുള്ള 16,367 വീടുകളും സ്പിൽ ഓവറായി കിടക്കുകയാണ്. ഇതെല്ലാംകൂടി കൂട്ടിനോക്കുമ്പോൾ ഏതാണ്ട് 350 കോടി രൂപയുടെ ബാധ്യതയാണ് വരുന്നത്. ഇവിടെ ഉണ്ടായിട്ടുള്ള പ്രശ്നം നേരത്തെ സൂചിപ്പിച്ചതുപോലെ രണ്ട് ലക്ഷം രൂപയെന്നത് മൂന്നുലക്ഷമാക്കി. ആ മൂന്നുലക്ഷം രൂപ എന്നത് ഐ.എ.വൈ.യ്ക്ക് ബാധകമാക്കി. അതിനുശേഷം പട്ടികജാതി വകുപ്പ് ഇത് കൊടുക്കുമെന്ന് ഗ്രാമവികസന വകുപ്പ് പഞ്ചായത്തുമായി എഗ്രിമെന്റുവച്ചു. ഇവരുടെ ഓർഡർ പ്രകാരം 07.10.2016-ൽ തദ്ദേശസ്വയംഭരണ വകുപ്പ് ഒരു ഉത്തരവ് കൊടുത്തു. അതായത് ഇന്ദിരാ ആവാസ് യോജന പദ്ധതിപ്രകാരം മൂന്നുലക്ഷം രൂപ ആക്കിയെങ്കിലും അതിന്റെ കുടിശ്ശിക കിട്ടിയില്ല.

ഈ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ഇന്ദിരാ ആവാസ് യോജന പദ്ധതിപ്രകാരം പട്ടികജാതി/പട്ടകവർഗ്ഗ വികസന വകുപ്പിൽനിന്ന് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അധികമായി അനുവദിച്ച തുക നാളിതുവരെ ലഭ്യമായിട്ടില്ല. ഇത് 17.10.2016-ന്റെ ഉത്തരവാണ്. യഥാർത്ഥത്തിൽ ഇതിന്റെ ഭാഗമായി ഉണ്ടായ പ്രശ്നമെന്താണെന്നുവച്ചാൽ 26117 പേർക്ക് കൊടുക്കാൻ കഴിഞ്ഞില്ല. അതായത് രണ്ട് ലക്ഷം മൂന്നുലക്ഷമാക്കിയതിനുശേഷമാണ് ഈ ഉത്തരവ്. രണ്ടുലക്ഷമാക്കിയ അവസരത്തിൽതന്നെ ഇരുന്നൂറ്റി അൻപത്തിമൂന്ന് കോടി മുപ്പത്തിമൂന്ന് ലക്ഷം രൂപ കൊടുക്കാനുണ്ടായിരുന്നു. അതിൽ രണ്ടുലക്ഷം രൂപ ആക്കിയ സമയത്ത് 50 കോടി രൂപ കൊടുത്തു. ആ സമയത്ത് 64046 വീടുകൾ സ്പിൽ ഓവറായിരുന്നു, 258.335 കോടി കുടിശ്ശിക വന്നു. അതിൽ 80 കോടി രൂപ കൊടുത്തു. ഇത് 31.03.2015- ലെ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന്റെ ഉത്തരവാണ്. എന്നാൽ ഈ കാശ് പോര എന്ന് ഗ്രാമവികസന വകുപ്പ് ആവശ്യപ്പെടുന്നു, പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് കൊടുക്കുന്നില്ല. അതിനുശേഷം ഈ തുക തരുമെന്ന് പറഞ്ഞതാണ്, കിട്ടിയിട്ടിട്ടില്ല, അതുകൊണ്ട് പണം ബ്ലോക്കുകളിലോ ഗ്രാമ പഞ്ചായത്തുകളിലോ ഉണ്ടെങ്കിൽ വിനിയോഗിക്കണം എന്നുപറഞ്ഞുകൊണ്ട്

തദ്ദേശസ്വയംഭരണ വകുപ്പ് 07.10.2016 ന് ഉത്തരവ് കൊടുക്കുന്നു. 07.10.2016-ന് ഉത്തരവ് കൊടുത്തുകഴിഞ്ഞാൽ ആ കാലഘട്ടത്തിലെ പ്ലാൻ ഫണ്ട് പൂർണ്ണമായും പദ്ധതികൾ ആവിഷ്കരിച്ച് പൂർത്തീകരിച്ചുകഴിഞ്ഞു. ഫലത്തിൽ എന്തുണ്ടായി; 2015-16 -ലെടുത്ത ഇന്ദിരാ ആവാസ് യോജനയിൽ പട്ടികജാതി/പട്ടികവർഗ്ഗത്തിന്റെ ഒരുലക്ഷം കോൺട്രിബ്യൂഷൻ കൊടുക്കാത്തതിന്റെ ഭാഗമായി സ്പില്ലായി കിടക്കുകയാണ്. ഈ രണ്ട് ഓർഡറും എന്റെ കയ്യിലുണ്ട്.

<u>ശ്രീ. വി. അബ്ദുറഹിമാൻ</u> : സർ, പട്ടികജാതി/പട്ടികവർഗ്ഗത്തിന്റെ ഉന്നമനത്തിനായി സർക്കാർ നിരവധി പദ്ധതികൾ മുന്നോട്ടുവയ്ക്കുകയാണ്. കോളനികളുടെ നവീകരണത്തിനും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി അക്രെഡിറ്റ് ഏജൻസികൾ മുഖാന്തിരം കോടിക്കണക്കിന് രൂപയാണ് സർക്കാർ കൊടുക്കുന്നത്. പക്ഷെ അതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല. എന്റെ മണ്ഡലത്തിലൊക്കെ മൂന്ന് കോളനികൾക്ക് പണം അനുവദിച്ചിട്ടുണ്ടെങ്കിലും അതിന്റെ പണി പൂർത്തിയാക്കാനോ അതിനാവശ്യമായ മീറ്റിംഗുകൾ വിളിച്ചാൽ അക്രെഡിറ്റ് ഏജൻസികൾ വരികയോ അത് മുന്നോട്ട് കൊണ്ടുപോകാനുള്ള ശ്രമമോ ഉണ്ടാകുന്നില്ല. ഇതിനെതിരെ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ?

ശ്രീ. എ. കെ. ബാലൻ : സർ, മെമ്പർ ഇവിടെ സൂചിപ്പിച്ച കാര്യം വളരെ ശരിയാണ്. കോളനി നവീകരണമെന്നുപറഞ്ഞുകൊണ്ട് ഹാംലെറ്റ് ഡെവലപ്മെന്റ് പദ്ധതിയെന്നൊരു സ്കീമുണ്ടായിരുന്നു. അതിൽ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്, കേരളാ സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം, ഹൗസിംഗ് ബോർഡ്, ഡിസ്ട്രിക്ട് നിർമ്മിതി കേന്ദ്രം, കേരളാ ഇറിഗേഷൻ ആന്റ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ, സിഡ്കോ, ഹഡ്ക്കോ എന്നീ ഏജൻസികൾക്കാണ് ഇത് കൊടുത്തത്. ഇതിന്റെഫലമായി ഒരു ഉത്തരവാദിത്വവും ഇവർ നിർവ്വഹിച്ചില്ല. വയനാട് ഞാൻ പോയി റിവ്യൂ നടത്തി. ഇവരുടെയൊക്കെ പേരിൽ പ്രോസിക്യൂഷൻ നടപടിയെടുക്കുമെന്ന് ബഹുമാനപ്പെട്ട കളക്ടർ അവരെ വിളിച്ച് പറയണമെന്ന് ഞാൻ കളക്ടർക്ക് നിർദ്ദേശം കൊടുത്തു. ഒന്നുകിൽ വാങ്ങിയ കാശ് തിരിച്ചുകൊടുക്കണം, അല്ലെങ്കിൽ ഈ പണി പൂർത്തീകരിക്കണം. ഇത് ഗവൺമെന്റ് ഏജൻസികളാണ്. ഡിപ്പാർട്ട്മെന്റ് നേരിട്ട് ഏജൻസികളെ ഏൽപ്പിച്ചു. ഗവൺമെന്റിന്റെ ഏജൻസികളുടെ ഭാഗത്തുനിന്ന് വന്നിട്ടുള്ള വീഴ്ചയാണിത്. 2013-14-ൽ 18 കോളനികളിലാണ് ഈ പദ്ധതി നടപ്പിലാക്കേണ്ടത്. അതിൽ 11 കോളനികളിൽ ഇനിയും പണി പൂർത്തീകരിക്കേണ്ടതുണ്ട്. ഏഴ് കോളനികളിലാണ് ഭാഗീകമായി പണി പൂർത്തീകരിച്ചത്. 2014-15 വർഷത്തിൽ 25 കോളനികളിൽ ഈ പദ്ധതി

നടപ്പിലാക്കിയിരുന്നു. എട്ട് കോളനികളിൽ ഇനിയും പണി പൂർത്തീകരിച്ചിട്ടില്ല. 2015-16-ൽ 9 കോളനികളിൽ ഈ പദ്ധതി നടപ്പിലാക്കി. എട്ട് കോളനികളിൽ പണി പൂർത്തീകരിച്ചിട്ടില്ല. ബന്ധപ്പെട്ട കളക്ടറോട് ഈ ഏജൻസികളുടെ യോഗം വിളിക്കാൻ നിർദ്ദേശം കൊടുത്തു. ചില ഏജൻസികളോട് പണി പൂർത്തീകരിക്കണമെന്ന് ഞാൻതന്നെ നേരിട്ട് വിളിച്ച് പറഞ്ഞിട്ടുണ്ട്. ഇപ്പോൾ ചെറിയൊരു ഇടപെടൽ അവിടെ നടക്കുന്നുണ്ട്. ഗവൺമെന്റ് ഏജൻസികൾക്ക് കൊടുത്തിട്ടുപോലും ഇതാണ് സ്ഥിതി.

ശ്രീ. കെ. ജെ. മാക്സി : സർ, പട്ടികജാതി ജനവിഭാഗങ്ങൾക്കായുള്ള ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ചിട്ടുള്ള ഐ.എ.വൈ പദ്ധതിപ്രകാരം വീടുനിർമ്മാണത്തിന് കൊടുത്ത പണം പൂർണ്ണമായും കൊടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ വീടുനിർമ്മാണം പലഘട്ടങ്ങളിലും മുടങ്ങിക്കിടക്കുകയാണ്. ഇവിടെ മന്ത്രി സൂചിപ്പിച്ചതുപോലെ അതിനെ സ്പിൽ ഓവറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എത്രയും പെട്ടന്ന് അത് കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. അതുപോലതന്നെ സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതിക്കാർക്കായി ഫ്ലാറ്റ് നിർമ്മിക്കുന്ന കാര്യം ഇവിടെ സൂചിപ്പിച്ചു. കൊച്ചി മണ്ഡലത്തിലെ കുമ്പളങ്ങി പഞ്ചായത്തിൽ ഫ്ലാറ്റ്

നിർമ്മാണത്തിനായി സ്ഥലംവരെ എടുത്തിട്ടുണ്ട്. അതിന്റെയൊരു പദ്ധതിയും മുന്നോട്ടുപോയിട്ടില്ല. അത്തരം പദ്ധതികൾ എത്രയും പെട്ടന്ന് നടപ്പിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. എ. കെ. ബാലൻ : സർ, ഇതിൽ കുടിശ്ശിക കൊടുക്കാൻ ബാക്കിയുള്ളത് ഞാൻ നേരത്തെ സൂചിപ്പിച്ചു. പട്ടികജാതിയിൽ 623.88 കോടി രൂപ കുടിശ്ശികയുണ്ട്. ഇപ്പോഴത്തെ ബഡ്ജറ്റ് പ്രൊവിഷൻ 265 കോടി രൂപയാണ്. അപ്പോൾ 350 കോടി രൂപയോളം പട്ടികജാതിയിൽ കുടിശ്ശിക ബാക്കിയാണ്. പട്ടകവർഗ്ഗത്തിൽ 301 കോടി രൂപയായിരുന്നു കുടിശ്ശിക. ഈ വർഷത്തെ ബഡ്ജറ്റിൽ 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ 150 കോടി രൂപകൂടി അഡീഷണലായി വേണ്ടിവരും. ഞാൻ ഈ കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. മുൻകാലങ്ങളിൽ എടുത്ത് സ്പിൽ ആയത്, പുതുതായിട്ട് ഏറ്റെടുത്തത് - പുതുതായിട്ട് ഏറ്റെടുത്തതെന്നുവച്ചാൽ പട്ടകവർഗ്ഗത്തിൽ 5000 വീടും പട്ടികജാതിയിൽ 7000 വീടുമാണ് പുതുതായിട്ടെടുത്തിട്ടുള്ളത്. പിന്നെയൊരു 7000 വീട് നവീകരിക്കാനും എടുത്തിട്ടുണ്ട്. ഈ പണിയാണ് ത്വരിതഗതിയിൽ നടക്കുന്നത്. അതിനാവശ്യമായിട്ടുള്ള റിവ്യൂ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. എന്തായാലും സ്പിൽ ഓവറായിട്ടുള്ള വർക്കുകളെല്ലാം പൂർത്തീകരിക്കാനുള്ള നടപടി

കർശനമായും സ്വീകരിക്കും.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, അങ്ങ് വീടില്ലാത്തവർക്ക് പുതിയ വീട് വച്ചുകൊടുക്കാനുള്ള നടപടികളെടുക്കുന്നുവെന്ന് പറഞ്ഞതിനെ സ്വാഗതം ചെയ്യുകയാണ്. നിലവിൽ ഒട്ടനവധി വീടുകൾ പൂർത്തീകരിക്കാതെ കിടക്കുകയാണ്. കുന്നത്തുനാട് താലൂക്കിലെ വാഴക്കുളം പഞ്ചായത്തിൽ വീടിന്റെ പണി പൂർത്തീകരിച്ചുകിടക്കുകയാണ്. പക്ഷെ ആ വീട്ടിലേയ്ക്ക് കടക്കാൻ വഴിയില്ല. ഞാൻ ഇതുസംബന്ധിച്ച് ഒരു ചോദ്യം ചോദിച്ചു, 19.10.2016 -ന് മറുപടി തരികയും ചെയ്തു. പ്രസ്തുത സ്ഥലത്ത് പട്ടികജാതിക്കാർക്കായി നിർമ്മിച്ച വീടുകൾ വഴിസൗകര്യമൊട്ടുംതന്നെ ഇല്ലാത്തതിനാൽ ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന ചോദ്യത്തിന് ഉണ്ട് എന്നതായിരുന്നു മറുപടി. എസ്.സി. ഫണ്ടുപയോഗിച്ച് പട്ടികജാതിക്കാർക്ക് താമസിക്കാനെന്ന വ്യാജേന റിയൽ എസ്റ്റ് ലോബികൾ ഇങ്ങനെ ധാരാളം സ്ഥലങ്ങൾ വാങ്ങിയിട്ടിട്ടുണ്ട്. എന്റെ ചോദ്യം ഇതാണ്, ഞാൻ ചോദിച്ച ചോദ്യത്തിനൊന്നും കൃത്യമായ മറുപടി തന്നില്ല. പരിശോധിക്കുകയാണ്, പരിശോധിച്ചുകൊണ്ടിരിക്കുന്നു, പരിശോധിച്ചുവരുന്നു എന്നൊക്കെയുള്ള മറുപടിയാണ് നൽകിയത്. എല്ലാ കേസും വിജിലൻസ് അന്വേഷിക്കുകയല്ലേ. ഇത് അങ്ങയുടെ കാലത്തെ ഗർഭമാണ്. ഇത് യു.ഡി.എഫ്.-

ന്റെ കാലത്തെ ഗർഭമല്ല. അങ്ങയുടെ കാലത്തെ ഗർഭത്തെക്കുറിച്ച് അന്വേഷിക്കാൻ അങ്ങ് തയ്യാറാകുമോ; ഇതിനെക്കുറിച്ച് വിജിലൻസിനെക്കൊണ്ട് അന്വേഷിക്കുവാൻ അങ്ങ് തയ്യാറാകുമോ?

<u>മി. സ്പീക്കർ</u> : അങ്ങ് വഴിയുടെ കാര്യമല്ലേ പറഞ്ഞത്. അതിനിടയ്ക്ക് വേറെ എന്തോ ഒരു വാക്ക് പറയുന്നതുകേട്ടു. വഴിയും മറ്റേ വക്കും തമ്മിലുള്ള അർത്ഥം മനസ്സിലായില്ല.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : സർ, ആധാരത്തിൽ വഴിയുണ്ട്. പക്ഷെ നിലവിൽ റിയൽ എസ്റ്റേറ്റ് ലോബിക്കുവേണ്ടി മാത്രം ചെയ്ത കേസാണ്. ഇത് വിജിലൻസിനെക്കൊണ്ട് അന്വേഷിപ്പിക്കാനുള്ള ഉത്തരവ് കൊടുക്കുമോ ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, 'ആശിക്കും ഭൂമി' റിയൽ എസ്റ്റേറ്റുമായി ബന്ധപ്പെട്ടുകൊണ്ട് നടത്തിയ അഴിമതിയെ സംബന്ധിച്ച് കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് ശ്രീ. വി. എം. സുധീരൻ എനിക്കൊരു കത്ത് തന്നിട്ടുണ്ട്. യു.ഡി.എഫ്.ന്റെ കാലഘട്ടത്തിൽ നടന്ന ഈ അഴിമതിയെ സംബന്ധിച്ച് അന്വേഷിക്കണമെന്നാണ് അദ്ദേഹം തന്ന കത്തിൽ പറഞ്ഞിരിക്കുന്നത്. ഇതുപോലെ എന്റെ കാലഘട്ടത്തിൽ നടന്നത് എന്തെങ്കിലും അന്വേഷിക്കണമെന്ന് പറഞ്ഞുകൊണ്ട് ഒരു കത്ത് ..... (ബഹളം).... ഞാൻ പറയട്ടെ, അതിനിടയ്ക്ക് വേറെ

വാചകമൊക്കെ പറഞ്ഞല്ലോ. എനിക്ക് മറുപടി പറയാൻ അറിയാത്തതുകൊണ്ടല്ല, ഈ സ്ഥാനത്തിരുന്നുകൊണ്ട് പറയുന്നതു ശരിയല്ല. കുറേയൊക്കെ നമ്മൾ അങ്ങോട്ടുമിങ്ങോട്ടും പറയുന്നതാണ്. നന്നായി ചലിക്കുന്ന ചെറിയ നാവും വലിയ നാവും അപ്പുറത്തുള്ള ആൾക്കാർക്കുള്ളതുപോലെ ഇപ്പുറത്തുമുണ്ടെന്നുകൂടി മനസ്സിലാക്കിക്കൊള്ളണം. കെ.പി.സി.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ. വി. എം. സുധീരൻ നൽകിയ കത്തിന്റെ ഭാഗമായി അപ്പോൾ തന്നെ വിജിലൻസിന് ഉത്തരവിട്ടിട്ടുണ്ട്. 2006-2011 കാലഘട്ടത്തിൽ എൽ.ഡി.എഫ്. ഭരിച്ച സമയത്ത് അന്ന് പ്രതിപക്ഷത്തുള്ള ഒരാൾക്ക് ഏതെങ്കിലും രൂപത്തിലുള്ള ഒരു ആരോപണം കൊണ്ടുവരാൻ കഴിഞ്ഞിരുന്നുവെങ്കിൽ അന്നേരം തന്നെ അന്വേഷിക്കുമായിരുന്നു. ഇപ്പോൾ എഴുതി തന്നു.

വഴിയില്ലാത്ത പ്രശ്നമെന്നു പറഞ്ഞുകഴിഞ്ഞാൽ, 50 ശതമാനത്തിൽ കൂടുതൽ ബെനിഫിഷ്യറീസ് പട്ടികജാതിക്കാരായിരിക്കണം. എങ്കിൽ മാത്രമേ എസ്.സി.പി./ടി.എസ്.പി. ഫണ്ടിൽ കോർപ്പസ് ഫണ്ടുപയോഗപ്പെടുത്തികൊണ്ട് ഇത് നടപ്പിലാക്കാൻ സാധിക്കൂ. അതല്ലാതെ 50 ശതമാനത്തിൽ കൂടുതൽ പട്ടികജാതിക്കാരുണ്ടാകുക, പിന്നീട് വേറെയാരുടെ താല്പര്യത്തിനുവേണ്ടി റോഡ് വെട്ടുക, അത് നടക്കില്ല. കൂടുതൽ ബെനിഫിഷ്യറീസ് പട്ടികജാതിക്കാരാണെങ്കിൽ

കോർപ്പസ് ഫണ്ടിൽ ആ റോഡ് വെട്ടുന്നതിന് ഒരു ബുദ്ധിമുട്ടുമുണ്ടാകില്ല. അതിന് ഉത്തരവാദിത്തപ്പെട്ട ജനപ്രതിനിധികൾ ഒരു കത്ത് തരണം. അതല്ലാതെ പത്തുകൊല്ലം മുമ്പ് നടന്നത് ഇപ്പോൾ എന്റെ കുട്ടിയാണെന്ന രീതിയിലുള്ള വർത്തമാനം പറയുന്നതല്ല ശരി.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, യു.ഡി.എഫ്. ഭരണകാലത്ത് വയനാട്ടിലോ അട്ടപ്പാടിയിലോ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ അന്വേഷിക്കുന്നതിനകത്ത് ഞങ്ങൾക്ക് യാതൊരു മടിയുമില്ല. കെ.പി.സി.സി. പ്രസിഡന്റ് നൽകിയ കത്ത് ഞങ്ങൾ ആലോചിച്ച് നൽകിയതാണ്. അങ്ങേയ്ക്ക് അത് അന്വേഷിക്കാം. അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതിനോട് ഞങ്ങൾക്ക് യാതൊരു എതിർപ്പുമില്ല. നിങ്ങളുടെ കാലത്തെ അന്വേഷിക്കണമോ എന്ന് നിങ്ങൾ തീരുമാനിച്ചാൽ മതി.

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഇതിപ്പോൾ അന്വേഷിക്കാൻ ഉത്തരവിട്ടു. ഒരു ബുദ്ധിമുട്ടുമില്ല. അതേ പോലെ ഏതെങ്കിലും കാലഘട്ടത്തിൽ നടന്നതിനെ സംബന്ധിച്ച് അന്വേഷിക്കണമെന്ന് പറഞ്ഞ് പ്രതിപക്ഷ നേതാവ് കത്ത് നൽകിക്കഴിഞ്ഞാൽ അപ്പോൾ തന്നെ അന്വേഷണത്തിന് ഉത്തരവിടും. 2006-2011-

ൽ ഏതോ വീട്ട കൊടുത്തു, വഴി നടക്കാൻ സ്ഥലമില്ല എന്നുള്ളതാണ് പറഞ്ഞത്. വഴി നടക്കാൻ സ്ഥലമില്ലെങ്കിൽ; ഭൂമി കണ്ടെത്താൻ സാധിച്ചില്ലെങ്കിൽ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയുടെ പ്ലാൻ ഫണ്ടിൽ വയ്ക്കാം, എ.സി.പി.-യിൽ വയ്ക്കാം, എം.എൽ.എ. ഫണ്ടുണ്ട്. എന്തെല്ലാം വഴികളുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അതിൽ വ്യക്തമാക്കാനുള്ള കാര്യം, കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി ഇത് അന്വേഷിക്കാനായി ശ്രീ. ഐ. സി. ബാലകൃഷ്ണൻ എം.എൽ.എ.-യെ ചുമതലപ്പെടുത്തി. ഏഷ്യാനെറ്റിൽ വന്ന വാർത്ത യുടെ അടിസ്ഥാനത്തിലാണ് അന്വേഷണം നടത്താൻ തീരുമാനിച്ചത്. അതിനകത്ത് യാതൊരു രാഷ്ട്രീയ ഇടപെടലുമില്ലായെന്ന് ഞങ്ങൾക്ക് ബോദ്ധ്യമായിട്ടുണ്ട്. ആരെങ്കിലും ഇടപെട്ടിട്ടുണ്ടെങ്കിൽ അന്വേഷിച്ച് കുറ്റക്കാരെ കണ്ടുപിടിക്കുന്നതിനകത്ത് ഞങ്ങൾക്ക് നൂറുശതമാനവും സന്തോഷമാണ്. ഒരു പ്രശ്നവും അതിനകത്തില്ല.

ശ്രീ. എ. കെ. ബാലൻ: സർ, ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ഞാൻ ഒരു ആരോപണവും ഇന്നേവരെ കൊണ്ടുവന്നിട്ടില്ലല്ലോ. ഞാൻ പ്രതിപക്ഷത്തിരിക്കുന്ന സമയത്ത് മന്ത്രിക്കെതിരായി ഏതെങ്കിലും രൂപത്തിലുള്ള ഒരു വാക്ക് എന്റെ ഭാഗത്ത് നിന്ന് വന്നിട്ടുണ്ടോ? ഇതുമായി ബന്ധപ്പെട്ടുകൊണ്ട് അന്വേഷണം നടത്തുമെന്ന് ഞാനല്ല ആദ്യം പറഞ്ഞത്, നിങ്ങൾ തന്ന കത്തിന്റെ അടിസ്ഥാനത്തിൽ

അന്വേഷണം നടത്തുന്നു. നല്ല കാര്യമാണ്. ഏത് ഗവൺമെന്റ് വരുമ്പോഴും എവിടയെങ്കിലുമെന്തെങ്കിലും irregularity സംഭവിച്ചിട്ടുണ്ടെങ്കിൽ ഇങ്ങനെയുള്ള സമീപനം വളരെ നല്ലതാണ്. അതിൽ ബുദ്ധിമുട്ടെന്താണ്.

<u>ശ്രീ. ജെയിംസ് മാത്യു:</u> സർ, തൊട്ടുമുമ്പുള്ള ചോദ്യത്തിനുത്തരമായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് യഥാക്രമം പട്ടികജാതി വിഭാഗത്തിലെ ഭവനനിർമ്മാണ പദ്ധതികൾക്ക് രണ്ടുലക്ഷവും പട്ടികവർഗ്ഗ വിഭാഗത്തിലെ ഭവനനിർമ്മാണ പദ്ധതികൾക്ക് 2.5 ലക്ഷവും രൂപയുമായിരുന്നത് അന്നത്തെ സർക്കാർ 3 ലക്ഷം രൂപയായി ഉയർത്തുകയും വർദ്ധിപ്പിച്ച തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുത്ത ഉപഭോക്താക്കൾക്ക് ലഭിക്കുന്നതിനുവേണ്ടി അന്നത്തെ ഗവൺമെന്റ് കൊടുക്കാൻ തീരുമാനിച്ചെന്നും എന്നാൽ അത് കൊടുക്കുകയുണ്ടായില്ല, ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് ആ തുക അവർക്ക് ലഭിച്ചതെന്നും ഈ സഭയിൽ ബഹുമാന്യനായ മന്ത്രി ധനാഭ്യർത്ഥന ചർച്ചയുടെ ഭാഗമായി സൂചിപ്പിക്കുകയുണ്ടായി. ഇക്കാര്യം പിന്നീട് ഈ സഭയിൽ ഞാനും ഒരു പ്രസംഗത്തിന്റെ ഭാഗമായി സൂചിപ്പിച്ചു. എന്നാൽ ഈ പറഞ്ഞ കാര്യങ്ങളൊന്നും വസ്തുതയ്ക്ക് നിരക്കുന്നതല്ലെന്നും അടിസ്ഥാനരഹിതമാണെന്നുമാണ് റൂൾ 288 പ്രകാരം മുൻ മന്ത്രി ഒരു പ്രസ്താവന നടത്തി. ഇന്ന് വീണ്ടും ബഹുമാന്യനായ മന്ത്രി അദ്ദേഹത്തിന്റെ മറുപടിയിൽ പറഞ്ഞത്

ഈ ഗ്യാപ് ഫില്ലിംഗ് ഫണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് കൊടുക്കുന്നതിനുവേണ്ടി എൽ.എസ്.ജി.ഡി. വകുപ്പ് ഒരു ഉത്തരവിറക്കിയതും ആ ഉത്തരവിൽ പറഞ്ഞ കാര്യങ്ങളും അദ്ദേഹമിവിടെ വായിച്ചു. യഥാർത്ഥത്തിൽ ഒരു ഗവൺമെന്റ് എന്നു പറയുന്നത് പട്ടികജാതി/വർഗ്ഗ വിഭാഗ ചുമതല മാത്രമുള്ള മന്ത്രിയും അദ്ദേഹത്തിന്റെ വകുപ്പും മറുഭാഗത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയുള്ള മന്ത്രിയും അദ്ദേഹത്തിന്റെ വകുപ്പും എന്നിങ്ങനെയാണോ കാര്യങ്ങൾ നടത്തിക്കൊണ്ടു പോകുന്നത്. അതല്ല ഒരു സർക്കാരിന്റെ നയപരമായ തീരുമാനം; രണ്ടരയും രണ്ടും ലക്ഷമായിരുന്ന തുകകളെ മൂന്നു ലക്ഷമായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചപ്പോൾ ആ ഗ്യാപ് ഫില്ലിംഗ് ഫണ്ട് കൊടുക്കാനുള്ള ഉത്തരവാദിത്വം നിർവ്വഹിക്കുകയെന്ന സർക്കാരിന്റെ കൂട്ടുത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ പരാജയപ്പെട്ടു എന്ന കാര്യമാണ് ബഹുമാന്യനായ മന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചത്. അതാണ് മുൻമന്ത്രി നിഷേധിച്ചത്. ആശയക്കുഴപ്പം കൊണ്ട് എനിക്ക് ലഭ്യമായ വിവരത്തിനപ്പുറം പറയാൻ സാധിക്കാത്തതുകൊണ്ട് അന്ന് ഞാൻ നിശ്ശബ്ദത പാലിച്ചു. പക്ഷേ ഈ ആശയക്കുഴപ്പത്തിന് ഇന്നെങ്കിലും ഒരു പരിഹാരം കണ്ടുതരണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഇത് ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള

അതിർത്തി പ്രശ്നം പോലെ വലിയ സീരിയസായിട്ടുള്ളതല്ല. പക്ഷെ വസ്തുതകൾ തുറന്നു പറയണമല്ലോ. ഈ പറയുന്നത് ശരിയാണ്. ഒരു ലക്ഷം രണ്ടുലക്ഷമാക്കി, ആ സമയത്ത് 31.03.2015-ൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഉത്തരവനുസരിച്ച് 64046 ഓളം വീടുകൾക്ക് തുക നൽകാനുണ്ട്. 258.335 കോടി രൂപ കുടിശ്ശികയുള്ളതിൽ 80 കോടി രൂപ കൊടുക്കുന്നു. ബാക്കി പെൻഡിംഗാണ്. അതിനുശേഷം ഇത് മൂന്നു ലക്ഷമാക്കുകയാണ്. മൂന്നു ലക്ഷമാക്കിയ സമയത്ത് പട്ടികജാതി വകുപ്പ് ഈ കാശ് കൊടുക്കുമെന്ന ധാരണ ഗ്രാമവികസന വകുപ്പിനുണ്ടാക്കി. അത് എങ്ങനെയാണ് വന്നുവെന്നുള്ളത് എനിക്കറിയില്ല. 7.10.2016-ന് തദ്ദേശസ്വയംഭരണ വകുപ്പ് ഒരു ഉത്തരവിറക്കി. അതുപ്രകാരം കേന്ദ്ര സർക്കാരിന്റെ ഇന്ദിരാ ആവാസ് യോജന ഭവനനിർമ്മാണ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് ടി പദ്ധതിക്ക് 2 ലക്ഷം രൂപയും പട്ടികവർഗ്ഗത്തിന് 3 ലക്ഷം രൂപയും നൽകുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ ഇന്ദിരാ ആവാസ് യോജന പദ്ധതി നടപ്പിലാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ടി പദ്ധതിയുടെ വിഹിതം ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും കൈമാറുകയും പദ്ധതി നിർവ്വഹണം ബ്ലോക്ക് പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ നടന്നുവരികയും ചെയ്യുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്തുകളുടെ

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ടി പദ്ധതിക്ക് തുക വകയിരുത്തുന്നതിന് അനുമതി നൽകിയിട്ടില്ലെന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ അറിയിക്കുകയുണ്ടായി. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അധികമായി അനുവദിച്ച തുക നാളിതുവരെ ലഭ്യമാകാത്ത സാഹചര്യത്തിൽ ഇത് ബ്ലോക്ക്/ജില്ലാ/ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് പറഞ്ഞിരിക്കുകയാണ്. അതായത് 2 ലക്ഷം 3 ലക്ഷമാക്കിയതിനുശേഷം ഈ കാശ് ലഭിക്കാത്തതിനെ തുടർന്ന് 7.10.2016-നാണ്..., 7.10.2016-ന് കൊടുക്കുമ്പോൾ പ്ലാൻ ഫണ്ട് ചെലവഴിച്ചു കഴിഞ്ഞു, ഏതാണ്ട് പദ്ധതികൾ ആവിഷ്കരിച്ചു കഴിഞ്ഞു. അതിന്റെ ഭാഗമായി ഈ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല. സ്പിൽ ആയി കിടക്കുകയാണ്. ഇപ്പോഴും അത് സ്പിൽ ആണ്. ഞങ്ങളുടെ മണ്ഡലത്തിൽ ഐ.എ.വൈ. പദ്ധതി നടപ്പിലാക്കുന്നില്ലെന്ന് പറഞ്ഞ് ബഹുമാനപ്പെട്ട എം.എൽ.എ.-മാർ എനിക്ക് കത്ത് തന്നിട്ടുണ്ട്. സ്പിൽ ആയിട്ടുള്ള തുക തരണമെന്ന് പറഞ്ഞിട്ട് നിരവധി എം.എൽ.എ.-മാർ കത്ത് തന്നിട്ടുണ്ട്. 7.10.2016-ന് ഗ്രാമവികസന വകുപ്പിന്റെ നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് എഴുതിയിട്ടുള്ള

ഈ ഉത്തരവിൽ ഈ കാശ് കൊടുത്തിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ വിഷയം ഞാൻ നിയമസഭയിൽ കഴിഞ്ഞ തവണ ശ്രദ്ധ ക്ഷണിക്കലായി കൊണ്ടുവന്നതാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ ഒരു തർക്കത്തിന്റെ കാര്യമല്ല. പക്ഷേ മനസ്സിലാക്കേണ്ട കാര്യം, അധികാരവികേന്ദ്രീകരണം വന്നപ്പോൾ ഏറ്റവും കൂടുതൽ ഫണ്ട് താഴെത്തട്ടിലേയ്ക്ക് നൽകിയത് പട്ടികജാതി വികസന വകുപ്പാണ്. ഏതാണ്ട് 40 ശതമാനത്തിനടുത്ത്. ആ 40 ശതമാനത്തിനടുത്ത് ഫണ്ട് കൊടുത്തുകഴിഞ്ഞാൽ ആ ഫണ്ടിനകത്ത് നിന്നാണ് എൽ.എസ്.ജി.ഡി. അവരുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇത്തരം പദ്ധതികൾക്ക് പണം കണ്ടെത്തേണ്ടത്. നമ്മുടെ ഡിപ്പാർട്ട്മെന്റൽ സ്കീം എന്നു പറയുന്നത് ഹൗസ് ടു ഹൗസ്‌ലെസ് സ്കീമാണ്. അത് അങ്ങിരിക്കുമ്പോഴും ഞാനിരിക്കുമ്പോഴുമൊക്കെ അതാണ്. ആ സ്കീമിനകത്ത് എത്ര വീടുകൾ കൊടുക്കുന്നുവെന്ന് ഡിപ്പാർട്ട്മെന്റ് തീരുമാനിക്കുകയും അതിന് ഫണ്ട് കൊടുക്കുകയുമാണ് വേണ്ടത്. ഡിപ്പാർട്ട്മെന്റ് ഒരു ലക്ഷം രണ്ടുലക്ഷമാക്കി, രണ്ടുലക്ഷം മൂന്നു ലക്ഷമാക്കി. അനുബന്ധമായിട്ട് തദ്ദേശസ്വയംഭരണ വകുപ്പ് ഒരു വർഷം അത് ചെയ്തില്ല. രണ്ടാമത്തെ വർഷം ചെയ്യുമ്പോൾ അവരുടെ പദ്ധതി വിഹിതത്തിൽ നിന്നാണ് കൊടുക്കേണ്ടത്. ഡിപ്പാർട്ട്മെന്റിന്റെ ഫണ്ട് ഇതിന് വിനിയോഗിക്കേണ്ട

കാര്യമില്ല. എന്നാലും വൺടൈം അസിസ്റ്റന്റ്സ് എന്നുള്ള നിലയ്ക്ക് 2014-ൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് അന്ന് 80 കോടി രൂപ കൊടുത്തു. അതിനു മുമ്പ് കൊടുത്തിട്ടില്ല, അതിനുശേഷം കൊടുക്കേണ്ട കാര്യമില്ല, ഇപ്പോഴും കൊടുക്കേണ്ട കാര്യമില്ല. അവർക്ക് ബാദ്ധ്യതയില്ലെന്ന് പറഞ്ഞ് 7.10.2016-ന് ഡിപ്പാർട്ട്മെന്റ് ഇറക്കിയ ഉത്തരവുണ്ട്. അതാണ് കറക്ട്. ഡിപ്പാർട്ട്മെന്റിനെ സംബന്ധിച്ചിടത്തോളം ഹൗസ് ടു ഹൗസ്‌ലെസ് സ്കീമിനാണ് കൊടുക്കേണ്ടത്. ഐ.എ.വൈ.-യ്ക്ക് ഫണ്ട് കൊടുക്കാനുള്ള ബാദ്ധ്യത ഡിപ്പാർട്ട്മെന്റിനില്ല. അലോക്കേഷനായി കൊടുക്കുന്ന ഫണ്ടിൽ നിന്നാണ് അത് കൊടുക്കേണ്ടത്. നേരത്തെ പറഞ്ഞത് തെറ്റിദ്ധാരണജനകമാണ്. ബഹുമാന്യനായ മന്ത്രിയോട് എനിക്ക് സൂചിപ്പിക്കാനുള്ളത്, അങ്ങ് പറയുന്നതായാലും ഞാൻ പറയുന്നതായാലും ശരി, ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥന്മാരുമായി ചർച്ച നടത്തി ഐ.എ.വൈ.-ക്ക് ഫണ്ട് കൊടുക്കേണ്ട ബാദ്ധ്യത ഡിപ്പാർട്ട്മെന്റ് ഏറ്റെടുക്കുന്ന സാഹചര്യമുണ്ടാകരുത്. അങ്ങനെ വന്നുകഴിഞ്ഞാൽ ഡിപ്പാർട്ട്മെന്റിന്റെ സ്കീം മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യമുണ്ടാകുമെന്നാണ് എനിക്ക് അങ്ങയോട് സൂചിപ്പിക്കാനുള്ളത്. ആ രീതിയിലുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ബഹുമാനപ്പെട്ട മുൻ മന്ത്രി പറഞ്ഞ കാര്യം

ശരിയാണ്. പക്ഷെ, ഒരു ധാരണ നിങ്ങൾ ഗ്രാമവികസന വകുപ്പിന് ഉണ്ടാക്കികൊടുത്തു. ഈ രണ്ട് ലക്ഷം രൂപയെന്നത് മൂന്ന് ലക്ഷം രൂപയാക്കുമ്പോൾ, ബാക്കി വരുന്ന തുകയും മാർജിൻ വരുന്നത് ഞങ്ങൾ തന്നുകൊള്ളാമെന്ന ധാരണ നിങ്ങൾ ഉണ്ടാക്കിയെന്ന് മാത്രമല്ല, ഈ പദ്ധതിക്ക് ജനറൽ വിഭാഗത്തിന് രണ്ട് ലക്ഷം രൂപയും പട്ടികവർഗ്ഗ വിഭാഗത്തിന് മൂന്ന് ലക്ഷം രൂപയും നൽകുന്നതിനാണ് ബ്ലോക്ക് പഞ്ചായത്തുകൾ സർക്കാരുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. സ്വാഭാവികമായും ഈ ഫയൽ താങ്കൾ കണ്ടിരിക്കും. ഞാൻ പറയുന്നത്, ബഹുമാനപ്പെട്ട അംഗത്തിന് അന്ന് വിയോജിപ്പുണ്ടായിരുന്നുവെങ്കിൽ ഫയലിൽ എഴുതണമായിരുന്നു. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിന് അധികമായി അനുവദിച്ച തുക നാളിതുവരെ ലഭ്യമാകാത്ത സാഹചര്യത്തിൽ എന്നു പറഞ്ഞു കഴിഞ്ഞാൽ, കൊടുക്കുമെന്നുള്ള ഉറപ്പ് നിങ്ങൾ കൊടുത്തു. അല്ലാതെ ഈ രൂപത്തിൽ ഉത്തരവ് വരില്ലല്ലോ. അതാണ് ഞാൻ പറഞ്ഞത്, രണ്ട് ലക്ഷം രൂപയെന്നത് മൂന്ന് ലക്ഷം രൂപയാക്കുമ്പോൾ ഒരു ലക്ഷം രൂപയാണ് മാർജിനലായി വരുന്ന തുക പട്ടികജാതി/പട്ടികവർഗ്ഗവകുപ്പ് കൊടുക്കുമെന്ന ധാരണയുടെ അടിസ്ഥാനത്തിലാണ് 07-10-2016-ൽ തദ്ദേശസ്വയംഭരണ വകുപ്പ് ഈ ഉത്തരവ് ഇറക്കിയത്. അന്നേരം തന്നെ ഞങ്ങൾ കൊടുക്കില്ലെന്ന് പറഞ്ഞ് നിങ്ങൾ

തിരുത്തണമായിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെടുക്കുന്നതെല്ലാം 40 ശതമാനം already കൊടുക്കുന്നുണ്ട്. ഇതെല്ലാം നിങ്ങൾക്ക് augment ചെയ്യാൻ പറ്റില്ല. പക്ഷെ, ഇത് നിങ്ങളുടെ ഡിപ്പാർട്ടുമെന്റ് കൊടുക്കുമെന്ന ധാരണ എഗ്രിമെന്റായിയെന്നാണ് ഉത്തരവിനകത്ത് പറയുന്നത്. അവിടെയാണ് പ്രശ്നം. കൊടുക്കേണ്ടത് ഇല്ലായിരുന്നുവെങ്കിൽ ഞാൻ കൊടുക്കില്ലായെന്ന് വേണം പറയാൻ. രണ്ട് ലക്ഷം രൂപ മൂന്ന് ലക്ഷം രൂപയാക്കിയത് ശരിയാണ്. ആ മാർജിൻ കൊടുത്തില്ല. ഗ്രാമവികസന വകുപ്പാണ് കൊടുക്കേണ്ടത് അവർ കൊടുക്കില്ലായെന്ന് പറഞ്ഞു. പിന്നെ നമ്മളും കൊടുത്തില്ല. ഇതിന്റെ ഭാഗമായി 24,000 ത്തോളം വീടുകൾ ഐ.എ.വൈ.യിൽ സ്പിൽ ഓവറായി ഇപ്പോഴും കിടക്കുകയാണ്. ഇത് ഞാൻ ശ്രദ്ധക്ഷണിക്കലായി നിയമസഭയിൽ കൊണ്ടുവന്നപ്പോൾ അന്ന് ശ്രീ. കെ. സി. ജോസഫുമായി ഏറ്റുമുട്ടിയതാണ്. എം.എൽ.എ.മാരോടും, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരോടും ചോദിച്ച് നോക്കൂ സ്പിൽ ഓവറായി കിടക്കുകയല്ലേ ഐ.എ.വൈ.

<u>ശ്രീ. സി. ദിവാകരൻ</u> : സർ, നമ്മുടെ ഏറ്റവും വലിയ സാമൂഹിക പ്രശ്നമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. സഭയുടെ പ്രത്യേകമായ പരിഗണന അതിന് ഉണ്ടാകേണ്ടതുമാണ്. ഈ അഞ്ചുവർഷ കാലയളവിനുള്ളിൽ ഭൂമിയില്ലാത്തവർക്ക്

ഭൂമിയും വീടില്ലാത്തവർക്ക് വീടും കൊടുക്കുമെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഇങ്ങനെ പൊതുവെ പറയാതെ, ഗവൺമെന്റുകൾ മാറിമാറി വന്നിട്ടും സ്വാതന്ത്ര്യം കിട്ടി ഇത്രയും സംവത്സരങ്ങളായിട്ടും കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ ആദിവാസികളുടെ ഭവന പദ്ധതി ഇന്നും അപൂർണ്ണമാണ്, അനന്തമായി നീണ്ടുപോവുകയാണ്. അതുകൊണ്ട് ഇതിനുവേണ്ടി പ്രത്യേകമായ ഭവന പദ്ധതി ആവിഷ്ക്കരിച്ച് പ്രത്യേകമായ വകുപ്പ്.... പട്ടികജാതി/പട്ടികവർഗ്ഗത്തിനോടൊപ്പം തന്നെ ഇത് പൊതുവായി പറയാതെ ഈ വീട് നിർമ്മിച്ചുകൊടുക്കാൻ മിനിമം അവർക്കെങ്കിലും സമയബന്ധിതമായ പരിപാടി ആവിഷ്ക്കരിക്കാൻ ഗവൺമെന്റ് തയ്യാറുണ്ടോ?

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ഇതിൽ ഒന്നും ചെയ്തില്ലായെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയല്ല. മാറിമാറി വരുന്ന ഗവൺമെന്റുകൾ കുറേ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. പക്ഷെ, ഇതര വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം പ്രശ്നങ്ങളുണ്ട്. അതിനുള്ള പ്രധാനപ്പെട്ട കാരണം, ഭൂപരിഷ്ക്കരണ നിയമം പാസ്സായിട്ടും കാണക്കുടിയാനും പാട്ടക്കുടിയാനും ഭൂമി കിട്ടി. പാവപ്പെട്ട കർഷക തൊഴിലാളി കുടിയിരിപ്പുകാരനും 10 സെന്റ് ഭൂമിയാണ് കിട്ടിയത്. അവിടെ മൂന്നും നാലും അഞ്ചും കുടുംബങ്ങളാണുള്ളത്. ഭൂപരിഷ്ക്കരണത്തിന്റെ അനന്തരഫലമായി ഈ പ്രശ്നം

വന്നതിന്റെ പ്രധാനപ്പെട്ട കാരണം മിച്ച ഭൂമി ഇല്ലാതായതാണ്. മിച്ചഭൂമി ഇല്ലാതായതോടുകൂടി ഈ പാവങ്ങൾക്ക്, കർഷക തൊഴിലാളികൾക്ക് ലഭ്യമാകേണ്ട ഭൂമി കിട്ടിയില്ല. ആ ഭൂമി പ്രശ്നം പരിഹരിക്കുക എന്നുള്ളതാണ് ഗവൺമെന്റിന്റെ മുന്നിലുള്ള പ്രധാനപ്പെട്ട കാര്യം. അതിന് സമഗ്രമായിട്ടുള്ള നിയമനിർമ്മാണം ആവശ്യമാണെങ്കിൽ കൊണ്ടുവരണം. അനധികൃതമായിട്ടുള്ള എത്രയോ ഭൂമികൾ പല സ്ഥലത്തും കിടക്കുകയാണ്. അതിൽ ഭരണ-പ്രതിപക്ഷ ഭേദമന്യേ നമ്മൾ ഇടപെട്ടുകഴിഞ്ഞാൽ ഈ കേരളത്തിൽ അധ:സ്ഥിത വിഭാഗത്തിന്റെ ഭൂമി പ്രശ്നം നമുക്ക് പരിഹരിക്കാൻ പറ്റും. ഈ അഞ്ചുവർഷം കൊണ്ട് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ വീടിന്റെ പ്രശ്നം പരിഹരിക്കുന്നതിന് ഞാനൊരു പ്രശ്നവും കാണുന്നില്ല. അത് പരിഹരിക്കാൻ നമുക്ക് കഴിയും. മാത്രമല്ല, സമഗ്രമായ വീട് നിർമ്മാണ പദ്ധതിക്ക് ഗവൺമെന്റ് രൂപം കൊടുക്കുകയാണ്. ഇന്നലെ അതുമായി ബന്ധപ്പെട്ട് പ്രതിപക്ഷ നേതാവടക്കം പങ്കെടുത്തുകൊണ്ടുള്ള ഒരു യോഗം ഇവിടെ ചേർന്നിരുന്നു. ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഭൂപ്രശ്നവും വീടിന്റെ പ്രശ്നവും പ്രത്യേകിച്ച് അധ:സ്ഥിത വിഭാഗങ്ങളുടെ ജീവൽ പ്രധാനമായുള്ള ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിനുള്ള കർമ്മ പദ്ധതിക്കാണ് ഗവൺമെന്റ് രൂപം കൊടുക്കുന്നത്.

<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : സർ, ഈ പാവങ്ങളുടെ വീട് പൂർത്തിയാക്കാൻ കഴിയാതെ നിൽക്കുന്ന സാഹചര്യം എന്റെ മണ്ഡലത്തിലുണ്ട്. മുസ്ലീം ലീഗ് ബൈത്ത് റഹ്മ ആരംഭിച്ചപ്പോൾ നാലര ലക്ഷം രൂപയുടെ ഡിസൈൻ ഉണ്ടാക്കുകയാണ് ചെയ്തത്. അതുപോലെ, ഈ പാവങ്ങളെ സഹായിക്കാൻ ഒരു ഡിസൈൻ ഉണ്ടാക്കി, അത്രയും തുകതന്നെ പഞ്ചായത്തിനും ബ്ലോക്കിനുമടക്കം വകയിരുത്താൻ കഴിയുന്ന പദ്ധതി ആവിഷ്കരിക്കാൻ മന്ത്രി തയ്യാറാകുമോ?

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, നിലവിൽ മൂന്ന് ലക്ഷം രൂപയുടെ ഭവന പദ്ധതിയാണുള്ളത്. ആ മൂന്ന് ലക്ഷം രൂപയിൽ നിന്നുകൊണ്ട് (മൂന്ന് ലക്ഷം പട്ടികജാതി കാർക്കും മൂന്നര ലക്ഷം പട്ടികവർഗ്ഗകാർക്കും) പൂർത്തീകരിക്കാൻ കഴിയില്ലായെന്ന് നമുക്കെല്ലാവർക്കും അറിയാം. എന്നാൽ ഉത്തരേന്ത്യയിലെ ചില ഏജൻസികൾ എന്നെ കാണാൻ വേണ്ടി വന്നിരുന്നു. ഈ വീടുകൾ ഒന്നായി ഞങ്ങൾക്ക് തരുകയാണെങ്കിൽ, ഈ വീടുകൾ തന്നെ ഈ രൂപത്തിൽ ഇതേ തുകയ്ക്ക് തന്നെ മനോഹരമായി പണിത് നൽകാമെന്ന് അവർ പറഞ്ഞു. നമുക്ക് ഏതെങ്കിലും ഒരു ഏജൻസിയെ ഏൽപ്പിക്കാൻ പറ്റില്ലല്ലോ. അതേസമയത്ത് ബെനിഫിഷ്യറിയെന്നുള്ള നിലയിൽ ആദിവാസി, പട്ടികജാതി വിഭാഗങ്ങളെ ഏൽപ്പിച്ച് കഴിഞ്ഞാൽ ആ കാശ് യഥാസമയം ചെലവഴിച്ച് ഇത്

പൂർത്തീകരിക്കുന്നതിന് സാധിക്കാത്ത സ്ഥിതിയുമുണ്ട്. ഗവൺമെന്റ് ഏജൻസികളെ ഏൽപ്പിച്ചുകഴിഞ്ഞാൽ സാധാരണ നിലയിൽ നിരവധി ഉടക്കുകളും കാര്യങ്ങളുമാണ്. ഇതിനെ സംബന്ധിച്ച് നമുക്ക് ഒരു സമഗ്രമായ പരിശോധന നടത്തി ഈ വീടിന്റെ പ്രശ്നം പരിഹരിക്കുന്നതിന് ഭരണ-പ്രതിപക്ഷ ഭേദമന്യേ ഒരു consensus-ൽ എത്തി ഏതെങ്കിലും രണ്ടോ, മൂന്നോ, നാലോ approved ഏജൻസികളെ ഏൽപ്പിച്ച് കഴിഞ്ഞാൽ നമുക്ക് ഇതിന്റെ തലവേദന മാറും. അതുംകൂടി ആലോചിക്കുന്നത് നല്ലതായിരിക്കും. അല്ലെങ്കിൽ മൂന്നോ നാലോ ഗഡുക്കളായി ഇവർക്ക് കൊടുത്ത് കഴിഞ്ഞാൽ, ചിലപ്പോൾ ആദ്യത്തെ ഗഡു ഇവർക്ക് ചെലവഴിക്കാൻ കഴിഞ്ഞെന്ന് വരില്ല, പിന്നെ ഈ പണം കൊണ്ട് ചെലവഴിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ഇതിന്റെ അവസാനത്തെ പണി പൂർത്തീകരിക്കാൻ സാധിക്കാതെ ഭിത്തിയും കെട്ടി കിടക്കുകയാണ്. റൂഫിന്റെ പണി നടക്കില്ല. റൂഫിന്റെ പണി പൂർത്തീകരിക്കാത്തതുകൊണ്ട് ലാസ്റ്റ് ഗഡു നമുക്ക് കൊടുക്കാനും പറ്റുന്നില്ല. സാങ്കേതിക പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടി കർശനമായും ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

<u>ശ്രീ. ബി. സത്യൻ</u> : സർ, നിരവധി പദ്ധതികൾ ഉള്ളതുകൊണ്ടാണ് അങ്ങ് പറഞ്ഞ പ്രശ്നം വന്നിരിക്കുന്നത്. 6,000 രൂപയ്ക്ക് ഫണ്ട് ഗവൺമെന്റ് കൊടുത്ത് വീട്

നിർമ്മിച്ച് ഇന്ന് താമസിക്കാൻ പറ്റാതെ വാസയോഗ്യമല്ലാതായി തീർന്ന വീട് മുതൽ 1975-ൽ ആരംഭിച്ച ഏറ്റവും വലിയ പദ്ധതിയാണ് രണ്ട് വീട് ഒറ്റ വീട് ആക്കിയ ലക്ഷംവീട് പദ്ധതി. അതിനുശേഷം ജനകീയാസൂത്രണ പ്രസ്ഥാനം ശക്തിപ്പെട്ടപ്പോൾ വന്നതാണ് ഏറ്റവും കൂടുതൽ വീടുകൾ. പിന്നെ ഇ.എം.എസ്. സമ്പൂർണ്ണ നിർമ്മാണ പദ്ധതി. അതുപോലെ നടക്കുന്ന എല്ലാ പദ്ധതികളിലും കാണുന്ന അഭാവമെന്ന് പറയുന്നത്, വേണ്ടത്ര ജാഗ്രത കുറവും ശ്രദ്ധക്കുറവും നിർമ്മാണ ഘട്ടത്തിൽ വേണ്ടത്ര ശ്രദ്ധ ഉണ്ടാകാത്തതും കാരണം ഇപ്പോൾ വാസയോഗ്യമല്ലാതായി തീർന്നിരിക്കുകയാണ്. പുതിയ നിർമ്മാണ പദ്ധതികൾ ആരംഭിക്കുന്ന സന്ദർഭത്തിൽ അതുകൂടി പരിഗണിക്കണമെന്നാണ് ഇവിടെ സൂചിപ്പിക്കാനുള്ളത്. കോളനികളിലും മറ്റും പോകുമ്പോൾ ദയനീയമായ ചിത്രമാണ് കാണുന്നത്. ആ രണ്ട് ലക്ഷം രൂപയ്ക്ക് മുറികൾ നിർമ്മിക്കുക, വ്യത്യസ്തങ്ങളായിട്ടുള്ള പ്രഖ്യാപനങ്ങൾ വരുമ്പോൾ നിലവിൽ വാസയോഗ്യമല്ലാതായി കിടക്കുന്ന വീടുകൾ പുനർ നിർമ്മിക്കണം. ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള അംബേദ്ക്കർ ഗ്രാമം പദ്ധതിയിലടക്കം വരുന്നത് ഭവനനിർമ്മാണത്തിനും ഭവന പുനരുദ്ധാരണത്തിനുമുള്ള പദ്ധതിക്ക് പ്രാമുഖ്യം നൽകണമെന്നാണ്. അതുപോലെ വർഷാവർഷം വകയിരുത്തുന്ന തുക...ഇത് ആസൂത്രണ ബോർഡിന് അറിയാവുന്നതാണ്. ഇപ്പോൾ

എക്കണോമിക് റിവ്യൂവിലൊക്കെ വന്നിട്ടുള്ളതാണ്. ചട്ടപ്പടി കാര്യങ്ങളെല്ലാം ഇങ്ങനെ പറഞ്ഞുപോവുകയാണെങ്കിൽ കാര്യമില്ലല്ലോ. ഒരു മാറ്റമുണ്ടാകണ്ടേ; സമഗ്രമായ മാറ്റം ഉണ്ടാക്കാൻ പറ്റുന്ന പാകത്തിൽ അങ്ങ് നേരത്തേ സൂചിപ്പിച്ചതുപോലുള്ള സമഗ്ര പാർപ്പിട നയം രൂപീകരിക്കൻ തയ്യാറാകുമോ?

ശ്രീ. എ. കെ. ബാലൻ :സർ, ഈ പറഞ്ഞതെല്ലാം ഗവൺമെന്റ് പരിശോധിക്കുന്നതായിരിക്കുമെന്ന് ഞാൻ നേരത്തേ പറഞ്ഞിട്ടുണ്ട്.

ശ്രീമതി സി. കെ. ആശ: സർ, എന്റെ മണ്ഡലത്തിലെ വിഷയമാണ് എനിക്ക് ഇവിടെ ചോദിക്കാനുള്ളത്. അവിടെ പട്ടികവർഗ്ഗ വിഭാഗക്കാരായ 13 ഓളം കുടുംബങ്ങൾ 300-ൽ അധികം ദിവസമായി വീടിനും സ്ഥലത്തിനുമായി സമരത്തിലാണ്. അവരുടെ ആ സമരം അവസാനിപ്പിച്ച് വീട് വയ്ക്കുന്നതിനുള്ള സ്ഥലവും കൃഷിക്ക് ആവശ്യമായ കൃഷി ഭൂമിയും നൽകുന്നതിന് ഈ സർക്കാർ ഉടൻ നടപടി സ്വീകരിക്കുമോ; അത് ഏത് തരത്തിലാണ് അവർക്ക് ഭൂമി നൽകുന്നതെന്ന് വ്യക്തമാക്കാൻ പറ്റുമോ?

ശ്രീ. എ. കെ. ബാലൻ : സർ, ഭൂമിയുള്ള കുറച്ച് ആളുകളുണ്ടെന്നാണ് എന്റെ ശ്രദ്ധയിൽപ്പെട്ടത്. ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രിയുമായി സംസാരിച്ചതാണ്. ഈ പ്രശ്നം ഗൗരവമായി ഗവൺമെന്റ് പരിശോധിക്കുന്നതാണ്.